Tony Pearce

# അന്ത്യ നാളുകൾക്ക് വെളിച്ചം

ഈ കാല സംഭവങ്ങളെ ബൈബിൾ പ്രവചനങ്ങളുമായി താരതമ്യം ചെയ്യുന്ന ഒരു പ്രസിദ്ധീകരണം

ഒക്ടോബർ 2025

## ഗോപുരങ്ങൾ വീഴുമ്പോൾ



**ലോ**ക സമ്പദ് വ്യവസ്ഥ തകരുമോ? സമ്പത്ത്, കുടിയേറ്റം, മതം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സമൂഹത്തെ വിഘടിപ്പിക്കുമോ? സമാധാന ചർച്ചകൾ ശാശ്വതസമാധാനം കൊണ്ടുവരുമോ അതോ മാനവരാശിക്കു ഭീഷണിയുർത്തുന്ന ഭീകരമായ യുദ്ധങ്ങൾക്ക് അത് വഴിതെളിക്കുമോ? കാലാവസ്ഥാ വ്യതിയാനം ഭൂമിയുടെ നല്ലൊരു ഭാഗത്തെ ജനവാസ യോഗ്യമല്ലാതാക്കുമോ?

ഇതൊന്നും സാങ്കല്പിക ചോദ്യങ്ങൾ അല്ല? നമ്മെ ആശയക്കുഴപ്പത്തിലാക്കുന്ന യഥാർത്ഥ ചോദ്യങ്ങളാണവ. നമ്മുടെ രാഷ്ട്രീയ മത നേതൃത്വത്തിനോ മാധ്യമങ്ങൾക്കോ അതിന് ഉത്തരമില്ല. അതിന് ഒരു ഉത്തരമുണ്ട്. എന്നാൽ, മിക്കവാറും ജനങ്ങൾക്ക് അത് അറിയാൻ താല്പര്യമില്ല. നമ്മുടെ ഈ ലോകത്തിന്റെ പരിതാപകരമായ അവസ്ഥയ്ക്ക് കാരണം മാനവരാശി യേശു മശിഹായിൽ വെളിപ്പെട്ട യഥാർത്ഥ ദൈവത്തെ തിരസ്കരിച്ച് അതിന് പകരമായി വ്യാജ ആശയങ്ങളും വിശ്വാസങ്ങളും തത്വങ്ങളും സ്വീകരിച്ചതാണ്. ബൈബിളിൽ വെളിപ്പെട്ട ദൈവത്തിന്റെ രക്ഷാ പദ്ധതിയ്ക്കു വിരുദ്ധമാണ് അവ. ഭൂമിയിൽ കൊടിയ കഷ്ടം വരാൻ പോകുന്നുവെന്ന് ബൈബിൾ മുന്നറിയിപ്പ് നൽകുന്നു. മഹോപദ്രവകാലം എന്നറിയപ്പെടുന്ന ഏഴുവർഷ കാലയളവിൽ അത് അതിന്റെ പാരമ്യത്തിലെത്തും. ഭൂമിയിലേക്കുള്ള കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനു മുൻപ് അത് നടക്കും. ദൈവം ആ നാളുകളെ ചുരുക്കാതിരുന്നാൽ ഒരു ജഡവും

### ഉള്ളടക്കം

ഗോപുരങ്ങൾ വീഴുമ്പോൾ........ 1

യിസ്രായേലും പാലസ്തീനും........ 9

വെളിപ്പാടിന്റെ അനാവരണം........17

കാലത്തിന്റെ അടയാളങ്ങൾ........ 24

അന്തിമ വാക്ക്........ 30

രക്ഷിക്കപ്പെടുകയില്ല (മത്താ. 24:21–22). ഇപ്പോൾ കർത്താവിലേക്ക് തിരിയുന്നവർക്ക് ശുഭകരമായ ഒരു ഭാവിയുണ്ടെന്നും ബൈബിൾ പറയുന്നു. അതുകൊണ്ട്, ഈ ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന വസ്തുതകൾ വീക്ഷിക്കുകയും, പാപം നിറഞ്ഞ നമ്മുടെ ലോകത്തിൽ വരാൻപോകുന്ന ന്യായവിധിയിൽ നിന്ന് എങ്ങനെ രക്ഷപ്രാപിക്കാമെന്ന് ആരായുകയും ചെയ്യുന്ന ഞങ്ങളോടൊപ്പം ആയിരിക്കുക.

*‘മഹാസംഹാര ദിവസത്തിൽ ഗോപുരങ്ങൾ വീഴുമ്പോൾ’* വലിയൊരു ദുരന്തംനടക്കാൻ പോകുന്നുവെന്ന് യെശയ്യാവിന്റെ പുസ്തകം പറയുന്നു (യെശ 30:25).

എന്നാണ് ഗോപുരങ്ങൾ വീഴുന്നത്? എന്താണ് ആ ഗോപുരങ്ങൾ? കമ്പ്യൂട്ടറുകളെയും ഇലക്ട്രോണിക് വ്യാപാര സംവിധാനങ്ങളെയും ആശയവിനിമയ സംവിധാനങ്ങളെയും കൂട്ടിയിണക്കിക്കൊണ്ട് ഇന്ന് ലോകം അതിബ്രഹത്തായ ഒരു ശൃംഖല സൃഷ്ടിച്ചിരിക്കുന്നു. ദശലക്ഷക്കണക്കിന് ജനങ്ങൾ വസിക്കുന്ന മഹാനഗരങ്ങളെയും അതിലെ അംബരചുംബികളെയും അത് സൃഷ്ടിച്ചിരിക്കുന്നു. മനുഷ്യന്റെ ശക്തിയുടെയും സമ്പത്തിന്റെയും അഭിമാനത്തിന്റെയും പ്രതീകമാണ് ഇവയെല്ലാം.

ബാബേൽ ഗോപുരം ആ സമയത്ത് ഒരു വമ്പൻ പദ്ധതിയായിരുന്നു. മനുഷ്യന്റെ ബുദ്ധിവൈഭവവും സാങ്കേതിക വിദ്യയും കൊണ്ടാണ് ആ ഗോപുരം പണിതത്. എന്നാൽ ആ ചിത്രത്തിൽ ദൈവമില്ലായിരുന്നു. ‘നമുക്ക് ഒരു പേരുമുണ്ടാക്കുക’ എന്ന മനുഷ്യന്റെ ദുരഭിമാനത്തെ ഉയർത്താനായിരുന്നു അത് പണിതത്. മനുഷ്യന്റെ സ്വയം ഉയർത്തലിന്റെയും ദൈവത്തിനെതിരായുള്ള മത്സരത്തിന്റെയും, കൂടാതെ, ഭൂമിയിലെ എല്ലാ വ്യാജ മത സംവിധാനങ്ങളുടെയും വിക്ഷേപണത്തറയാകുമായിരുന്നു ബാബേൽ



(ബാബിലോൻ). ജനങ്ങൾ ഒരുമിച്ചാൽ ‘അവർ ചെയ്വാൻ നിരൂപിക്കുന്നതൊന്നും അവർക്ക് അസാധ്യമാകയില്ല’ എന്ന് ദൈവം കണ്ടു. അതുകൊണ്ട് അവൻ അവരുടെ ഭാഷ കലക്കി കളഞ്ഞു. അതുമൂലം അവർക്ക് പരസ്പരം മനസ്സിലാക്കാൻ കഴിഞ്ഞില്ല. അവർ ലോകമെങ്ങും ചിതറിപ്പോയി. അങ്ങനെ ദൈവത്തിനെതിരെയുള്ള ഒരു ഏക ലോകം സൃഷ്ടിക്കുവാനുള്ള അവരുടെ ശക്തി പരിമിതമായിപ്പോയി.

‘പലരും അതിനെ പരിശോധിക്കയും ജ്ഞാനം വർദ്ധിക്കുകയും ചെയ്യും‘ (ആഗോള യാത്രയിലെ വർദ്ധനവ്, സാങ്കേതികവിദ്യ, കമ്പ്യൂട്ടറുകൾ, നിർമ്മിതബുദ്ധി അങ്ങനെ പലതും) എന്ന് ദാനിയേൽ 12:4–ൽ അന്ത്യകാലത്തെപ്പറ്റി പ്രവചിച്ചതു പോലെ നമ്മുടെ ആധുനിക ബാബേൽ അറിവിന്റെ ഒരു വിസ്ഫോടനത്തിന് സാക്ഷിയാകുന്നു. ഒന്നോ രണ്ടോ ദിവസം കൊണ്ട് നമുക്ക് ഭൂഗോളത്തിന്റെ ഒരുവശത്തു നിന്ന് മറ്റൊരു വശത്തേക്ക് യാത്ര ചെയ്യാനാകും. ഒരു നിമിഷം കൊണ്ട്, ലോകത്തിൽ എവിടെയും ഇരുന്നുകൊണ്ട് ആശയവിനിമയം നടത്താനും, ഇലക്ട്രോണിക് സംവിധാനത്തിലൂടെ പണം അയക്കാനും നമുക്ക് ഇപ്പോൾ കഴിയും. നിർമ്മിത ബുദ്ധി വലിയ രീതിയിൽ വികസിച്ചുകൊണ്ടിരിക്കുകയാണ് ഇപ്പോൾ. അതുമൂലം യഥാർത്ഥത്തിൽ ‘അവർ ചെയ്വാൻ നിരൂപിക്കുന്നതൊന്നും അവർക്ക് അസാധ്യമാകയില്ല’ എന്ന സ്ഥിതിയിൽ കാര്യങ്ങൾ എത്തിയിരിക്കുന്നു.

പരമ്പരാഗതമായ അധിനിവേശത്തേ

ക്കാളുപരി, വിവര സംയോജനത്തിലൂടെയും നിരീക്ഷണത്തിലൂടെയുമായിരിക്കും എതിർ ക്രിസ്തു ആഗോള നിയന്ത്രണം നേടിയെടുക്കുന്നത്. ഈ പ്രക്രിയയിൽ, ഇതിനു പിന്നിൽ പ്രവർത്തിക്കുന്നവർ മാനവരാശിയെ 'നവീകരിക്കുകയും' മനുഷ്യനെയും യന്ത്രങ്ങളെയും സംയോജിപ്പിക്കുന്നതിലൂടെ മാനവരാശിയെപ്പറ്റിയുള്ള ദൈവത്തിന്റെ രൂപകല്പനയെ മെച്ചപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യും. ഇപ്പോഴത്തെ പരാജയപ്പെട്ട രാഷ്ട്രീയ സംവിധാനത്തെക്കാൾ മെച്ചമായ രീതിയിൽ ഭരിക്കാൻ കഴിയുന്ന നിർമ്മിത ബുദ്ധി സംവിധാനങ്ങളെ അവൻ സൃഷ്ടിക്കും. ഓരോ മനുഷ്യന്റെയും ചിന്തയെയും പ്രവർത്തിയെയും അറിയുന്ന ഒരു ആഗോള നിരീക്ഷണ സംവിധാനം അവൻ സ്ഥാപിക്കും.

ഇത് യാഥാർത്ഥ്യമാക്കാൻ പദ്ധതികൾ വികസിപ്പിച്ചു കൊണ്ടിരിക്കുന്നു. ഭൂമിയിലെ ഏറ്റവും വലിയ സാങ്കേതിക വിദ്യാ സാമ്രാജ്യത്തിന്റെ തലപ്പത്ത് ഇരുന്നുകൊണ്ട് ഒരു ആഗോള പോലീസ് ഭരണം സ്ഥാപിക്കാൻ നിശബ്ദമായി യന്ത്ര സംവിധാനങ്ങൾ നിർമ്മിച്ചു കൊണ്ടിരിക്കുന്നു. ഈ വിധ ദർശന പ്രകാരം, അടിസ്ഥാന മനുഷ്യാവകാശങ്ങൾക്ക് ഒരു വിലയിട്ടിട്ടുണ്ട്: സംവിധാനത്തോട് കൂറുള്ളവരായിരിക്കുക. അനുസരണമില്ലെങ്കിൽ ആഹാരവുമില്ല. വെളിപ്പാട് പുസ്തകം കൃത്യമായി മുന്നറിയിപ്പ് നൽകുന്ന ആ പേടിസ്വപ്നം അന്ത്യകാലത്തിന്റെ അടയാളമാണ്

ഈ പുതുയുഗ ക്രമത്തിൽ:

• നിർമ്മിത ബുദ്ധി കാലാവസ്ഥാ വ്യതിയാനം പരിഹരിക്കും (സമാധാനം)

• ബയോമെട്രിക് തിരിച്ചറിയൽ സംവിധാനം തട്ടിപ്പുകളെ ഇല്ലാതാക്കും (ഭദ്രത).

• ആംഗുലി നാണയ സംവിധാനം സാമ്പത്തിക കുറ്റകൃത്യങ്ങൾ ഇല്ലാതാക്കും (സുരക്ഷ).

• നിരീക്ഷണം തീവ്രവാദത്തെ തടയും (സംരക്ഷണം).

## അതുകൊണ്ട്, അത് ഒരുമിച്ചു വരുമോ അതോ ഛിന്നഭിന്നമാകുമോ?

ലോകം ഇന്ന് രണ്ട് സംഘങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു, അമേരിക്കയുടെ നേതൃത്വത്തിലുള്ള ഒരു സംഘത്തിൽ ബ്രിട്ടനും, യൂറോപ്യൻ യൂണിയനും ജപ്പാനും മറ്റു സഖ്യകക്ഷികളുമുണ്ട്. മറുവശത്തെ ചൈനയും റഷ്യയും നയിക്കുന്നു; ഈ സംഘത്തിൽ ബ്രിക്സ് സഖ്യവും അടുത്തകാലത്ത് ഷാങ്ഹായി ഓർഗനൈസേഷൻ ഉച്ചകോടിയിൽ പങ്കെടുത്ത രാഷ്ട്രങ്ങളുമുണ്ട്. രണ്ടു സംഘങ്ങളും വ്യാപാരത്തിന്റെയും സാങ്കേതികവിദ്യയുടെയും സൈനിക ശക്തിയുടെയും പിന്തുണയോടെ തങ്ങളുടേതായ 'പുതിയ ലോകക്രമം' സ്ഥാപിക്കാൻ ശ്രമിക്കുകയാണ്. ഇരുകൂട്ടരും ശക്തരാണ് കാരണം. അവർ പുതിയ പുതിയ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുകയും ലോകമെങ്ങും അവയെ പ്രചരിപ്പിക്കുകയും ചെയ്യുന്നു. അതേസമയം, അന്തർ സംഘർഷങ്ങളും കടഭാരവും ദൈവത്തിലുള്ള വിശ്വാസത്തിന്റെയും ധാർമികതയുടെയും ജീവിത ലക്ഷ്യത്തിന്റെയും തകർച്ചയും കാരണം രണ്ട് സംഘങ്ങളും ചിന്നഭിന്നമായി പോകാമെന്ന ഭീഷണിയിലാണ്. അതിൽ ഉൾപ്പെട്ടിരിക്കുന്ന ചില രാജ്യങ്ങളെ നാം ഹൃസ്വമായി പരിശോധിക്കുക.

## ബ്രിട്ടൻ

മധ്യ ലണ്ടന്റെ ചക്രവാളത്തിൽ നിറയെ അംബര ചുംബികളാണ്. നഗരം അതിന്റെ ശക്തിയും സമ്പത്തും പ്രദർശിപ്പിക്കുന്നതിലൂടെ ലണ്ടനെ ആഗോള സാമ്പത്തിക സംവിധാനത്തിന്റെ കേന്ദ്രമാക്കി മാറ്റുന്നു. ബ്രിട്ടന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ലണ്ടൻ വലിയ സംഭാവന നൽകുന്നു. എന്നാൽ, ഇന്ന് അത് തകർച്ചയുടെ വക്കിലാണ്, കാരണം വ്യാപാരശാല

കളും ധനം സൃഷ്ടിക്കുന്നവരും വിദേശത്തേക്ക് ചേക്കേറുകയാണ്. വ്യാപാരശാലകളും വ്യവസായശാലകളും ദേശത്താകമാനം അടച്ചുപൂട്ടിക്കൊണ്ടിരിക്കുന്നു. കൃഷിക്കാർക്ക് തൊഴിൽ ഇല്ലാതായിരിക്കുന്നു. ഹരിതഗൃഹ വാതകങ്ങൾ പൂർണ്ണമായും ഉപേക്ഷിക്കുകയെന്ന ലക്ഷ്യം മൂലം ഇന്ധനവില വർദ്ധിക്കുന്നു. വ്യവസായിക ഉത്പാദനത്തെയും കൃഷിയെയും അത് താറുമാറാക്കുന്നു. അതേ സമയം, ഉയർന്ന നികുതിയും തൊഴിൽ നിയമങ്ങളും ജോലിക്കാരെ വയ്ക്കുന്നതിൽനിന്ന് വാണിജ്യ സ്ഥാപനങ്ങളെ വിലക്കുന്നു. ഒരു വലിയ കൂട്ടം ചെറുപ്പക്കാർ ഇന്ന് വിദ്യാഭ്യാസത്തിലോ തൊഴിലിലോ



അല്ലെങ്കിൽ പരിശീലനത്തിലോ (NEETS) അല്ല. സർക്കാർ നൽകുന്ന സാമ്പത്തിക ആനുകൂല്യങ്ങളും ഭിന്നശേഷി സഹായങ്ങളും പറ്റിക്കൊണ്ട് അവർ ജീവിക്കുന്നു. മിക്കവാറും ചെറിയ ശമ്പളം ഉള്ള ജോലികളെക്കാൾ അധികം വരുമാനം ഈ സർക്കാർ ആനുകൂല്യങ്ങൾ നൽകുന്നു. ദേശീയ കടവും ആളോഹരി കടവും വർദ്ധിക്കുന്നു. ജനങ്ങൾക്ക് വീടുകൾ വാങ്ങാൻ കഴിയാതെ വരുന്നു. അതേസമയം, കുറ്റവാളി സംഘങ്ങൾ ബോട്ടുകളിൽ കൊണ്ടുവരുന്ന നിയമവിരുദ്ധ കുടിയേറ്റക്കാർക്ക് സൗജന്യ താമസവും സാമ്പത്തിക സഹായവും നികുതി ദായകന്റെ ചെലവിൽ ലഭിക്കുന്നു.

ദേശീയ കടബാദ്ധ്യതയും ആളോഹരി കടവും വർധിക്കുന്നത് വരാൻ പോകുന്ന സാമ്പത്തിക പ്രതിസന്ധിയുടെ മുന്നറിയിപ്പുകളാണ്. സമൂഹത്തിന്റെ അടിത്തറ നന്നാക്കുമെന്ന് ഒരു വർഷം മുമ്പ് പുതിയ ലേബർ സർക്കാരിന്റെ സർ കീർ സ്റ്റാമർ പ്രഖ്യാപിച്ചിരുന്നു. എന്നാൽ രാജ്യത്തിന്റെ സാമ്പത്തിക, ആത്മീയ അടിത്തറ തകരുകയാണെന്ന് ഇപ്പോൾ തെളിവുകൾ പറയുന്നു. ഉയർന്നതോതിലുള്ള കുറ്റകൃത്യങ്ങളും സാമൂഹ്യവിരുദ്ധ സ്വഭാവങ്ങളും സാമൂഹിക ഐക്യത്തിന്റെ തകർച്ചയും ബ്രിട്ടനിലെ നിരവധി നഗരങ്ങളെ കുഴപ്പത്തിലാക്കുന്നു. മുമ്പെങ്ങും ഇല്ലാത്ത വിധം അവിടെ ക്രിസ്തീയ വിശ്വാസത്തിനു നേരെ ആക്രമണം നടക്കുന്നു. ക്രൈസ്തവ വിരുദ്ധ ശക്തികൾ അവിടെയുള്ള സ്ഥാപനങ്ങളുടെ നിയന്ത്രണം ഏറ്റെടുത്തിരിക്കുകയാണ്. ഈ അടിസ്ഥാനങ്ങളെല്ലാം തകരുകയാണ്. അതിൽ സർക്കാരും ഉണ്ട്. ഗോപുരങ്ങൾ വീഴുകയാണ്.

## ഫ്രാൻസും യൂറോപ്യൻ യൂണിയനും

ഫ്രാൻസ് മിക്കവാറും ഭരിക്കാൻ പറ്റാത്ത ഒരു രാജ്യമായി മാറിയിരിക്കുന്നു. കടുത്ത വലതുപക്ഷ പാർട്ടികളും കടുത്ത ഇടതുപക്ഷ പാർട്ടികളും പാർലമെന്റിൽ ഏറ്റുമുട്ടുന്നു. കടത്തിന്റെ നിരക്ക് ഇവിടെ ബ്രിട്ടനെക്കാളും വളരെ ഉയരെയാണ്. ബ്രിട്ടനിലെ സാമൂഹ്യ സാമ്പത്തിക തകർച്ചയുടെ ലക്ഷണങ്ങൾ ഇവിടെയും കാണുന്നു. സമാനമായ പ്രശ്നങ്ങൾ യൂറോപ്പിലെമ്പാടും കണ്ടുവരുന്നു. ഗോപുരങ്ങൾ വീഴുകയാണ്.

## അമേരിക്ക

ഡോണൾഡ് ട്രംപ് അധികാരത്തിലേറിയതിനു ശേഷം 'അമേരിക്കയെ വീണ്ടും മഹത്തരമാക്കുക' എന്ന തന്റെ പദ്ധതിയുമായി മുന്നോട്ടുപോകുന്നു. നിയമവിരുദ്ധ കുടിയേറ്റം അദ്ദേഹം നിർത്തലാക്കി. പുരോഗമനവാദികളായ ഇടതുപക്ഷം സമൂഹത്തിൽ അടിച്ചേൽപ്പിച്ച നവ സംസ്കാര (woke culture) ത്തോട് അദ്ദേഹം യുദ്ധത്തിലാണ്. അമേരിക്കയുടെ സമ്പത്തിനെയും ശക്തിയെയും

വർദ്ധിപ്പിച്ച് രാജ്യത്തെ സ്വയം പര്യാപ്തതയിലെത്തിക്കാൻ അദ്ദേഹം ശ്രമിക്കുന്നു. വിദേശ കമ്പനികൾ അമേരിക്കൻ മണ്ണിൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കാതെ വ്യാപാര മത്സരത്തിലേർപ്പെടുന്നത് തടയാൻ അദ്ദേഹം തീരുവ വർധിപ്പിക്കുന്നു. അതേസമയം, അത് അമേരിക്കക്കും ആഗോള സമ്പദ് വ്യവസ്ഥയ്ക്കും ഭീഷണി ഉയർത്തുന്നു. ഓരോ മിനിറ്റിലും അമേരിക്കയുടെ കടം 3 ദശലക്ഷം ഡോളറായി വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇപ്പോൾ അത് 37.5 ട്രില്യൺ ഡോളറിൽ എത്തി നിൽക്കുന്നു. സാമ്പത്തിക പ്രതിസന്ധി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ജീവിത ചെലവ് കൂടുകയാണ്, പ്രത്യേകിച്ച് താമസ ചെലവും ആഹാരചെലവും വർദ്ധിക്കുന്നു. നിരവധി ആളുകൾ ദാരിദ്ര്യത്തിലും കടത്തിലുമാണ്. ഇടതുപക്ഷവും വലതുപക്ഷവും തമ്മിലുള്ള കടുത്ത ഭിന്നത ധ്രുവീകരണത്തിലേക്കും സംഘർഷത്തിലേക്കും സമൂഹത്തെ നയിക്കുന്നു.

ഡോളർ ലോകത്തിന്റെ കരുതൽ നാണയമെന്ന നിലയിലും, പെട്രോ ഡോളർ സംവിധാനം മൂലവും ലോക സമ്പദ് വ്യവസ്ഥയിൽ അമേരിക്കയ്ക്ക് വലിയ സ്വാധീനമാണുള്ളത്. റഷ്യ, ഇറാൻ പോലുള്ള രാജ്യങ്ങളുടെ മേൽ ഉപരോധം ഏർപ്പെടുത്തുവാൻ ഇത് അമേരിക്കയെ പ്രാപ്തമാക്കുന്നു. അമേരിക്കയും അതിന്റെ സഖ്യകക്ഷികളും നിയന്ത്രിക്കുന്ന ഈ ലോകം ഏകധ്രുവമാണെന്ന് പുട്ടിൻ പരാതി പറഞ്ഞു. ആഗോള കാര്യങ്ങളിലും വ്യാപാരത്തിലും അമേരിക്കയുടെയും ഡോളറിന്റെയും മേൽക്കോയ്മ ഇല്ലാത്ത ഒരു ബഹുമുഖ ധ്രുവ ലോകത്തിന്റെ സൃഷ്ടിക്കുവേണ്ടി പുട്ടിൻ വാദിക്കുന്നു. ഒരു ആഗോള യുദ്ധത്തിൽ പരാജയപ്പെടുന്നതിനു തുല്യമാണ് ഡോളറിന്റെ മേൽക്കോയ്മ നഷ്ടപ്പെടുന്നതെന്ന് ട്രംപ് പറഞ്ഞിട്ടുണ്ട്. അങ്ങനെയാണെങ്കിൽ അമേരിക്കയിലും ഗോപുരങ്ങൾ വീഴും.

## ചൈന

മാവോയുടെ നേതൃത്വത്തിലുള്ള ഒരു കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യത്തിന്റെ മോശം ഭരണത്തിലായിരുന്ന ചൈന, ഏതാനും വർഷങ്ങൾക്കുള്ളിൽ ലോകത്തിലെ രണ്ടാമത്തെ വലിയ സമ്പദ് വ്യവസ്ഥയായത്, ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഏറ്റവും അസാധാരണമായ സംഭവവികാസമാണ്. ഷാങ്ഹായി കോ-ഓപ്പറേഷൻ ഓർഗനൈസേഷൻ ഉച്ചകോടിയുടെ ഭാഗമായി ലോക നേതാക്കൾ സെപ്റ്റംബർ 20-ന് ചൈനയിൽ ഒരുമിച്ചു കൂടി. ചൈനയുടെ നേതാവ് ഷി ചിങ്പിംഗ്, 'അധികാര മേധാവിത്വത്തിനും അധികാരക്കളിയ്ക്കും എതിരെ നിൽക്കാൻ' പ്രതിനിധികളോട് ആവശ്യപ്പെട്ടു (അദ്ദേഹം ഉദ്ദേശിച്ചത് അമേരിക്കയെയാണ്). ചൈനയിലെയും റഷ്യയിലെയും വടക്കൻ കൊറിയയിലെയും ഇറാനിലെയും ബലാറസിലെയും ഏകാധിപതികൾക്കുവേണ്ടി ലോകത്തെ സുരക്ഷിതമാക്കാനുള്ള ഒരു വിക്ഷേപണത്തറയായിരുന്നു ഈ ഉച്ചകോടി എന്ന് തോന്നിപ്പോകുന്നു. ഷിചിങ്പിംഗ്, ടിയാന്മെൻ ചത്വരത്തിൽ ചൈനയുടെ അഭൂതപൂർവ്വമായ സൈനികശക്തി പ്രദർശിപ്പിച്ചു. തങ്ങളുടെ സുഹൃത് രാജ്യങ്ങളെ ആകർഷിക്കാനാണ് ബെയജിംഗ് ഇതൊക്കെ രൂപകല്പന ചെയ്തത്. അതോടൊപ്പം, അവരുടെ ശത്രുക്കളെ വരുതിയിലാക്കാനും അവർ ലക്ഷ്യമിട്ടു. ചൈന അവരുടെ കരമാർഗ്ഗ സാമ്പത്തിക ഇടനാഴി (Belt and Road) പദ്ധതിയിലൂടെ ലോകമെമ്പാടും സ്വാധീനം ചെലുത്താൻ ശ്രമിക്കുന്നു. ഈ പദ്ധതിമൂലം ഏഷ്യയിൽ നിന്ന് യൂറോപ്പിലേക്കും ആഫ്രിക്കയിലേക്കും തെക്കേ അമേരിക്കയിലേക്കും വ്യാപാരവും വികസനവും തുറക്കുന്നതിനു കാരണമാകും.

എന്നാൽ ചൈനയിൽ എല്ലാം ശുഭകരമല്ല. ഇരുപത്തിയൊന്നാം നൂറ്റാ

ണ്ടിന്റെ തുടക്കത്തിൽ ക്രിസ്തീയ വിശ്വാസത്തിന്റെ അഭൂതപരമായ വളർച്ചയ്ക്ക് ചൈന സാക്ഷ്യം വഹിച്ചു. എന്നാൽ ഇപ്പോൾ കമ്മ്യൂണിസ്റ്റ് സർക്കാർ സജീവമായി യഥാർത്ഥ ക്രിസ്തുവിശ്വാസത്തെ പീഡിപ്പിക്കുകയും സഭകളെ അവരുടെ പ്രത്യയശാസ്ത്രം പ്രചരിപ്പിക്കാനുള്ള പ്രചാരണ കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യുന്നു. ദൈവം അതിലൊന്നും പ്രസാദിക്കുന്നില്ല. ന്യായവിധിയുടെ അടയാളങ്ങൾ അവിടെ പ്രത്യക്ഷമാകുന്നു.

ചൈനയുടെ സാമ്പത്തിക അത്ഭുതം ഇപ്പോൾ തകർച്ചയുടെ പാതയിലാണ്. വ്യവസായ ശാലകൾ അടച്ചുപൂട്ടുന്നു, യുവജനങ്ങൾക്കും ബിരുദധാരികൾക്കും തൊഴിൽ ലഭിക്കുന്നില്ല, നിരവധിപേർ നിരാശയിൽ ജീവിക്കുന്നു. ചൈനയുടെ കടം അമേരിക്കയെക്കാൾ



300% കൂടുതലാണ്. ചൈനയിൽ ഗോപുരങ്ങൾ അക്ഷരാർത്ഥത്തിൽ വീഴുകയാണ്. ഉപയോഗശൂന്യമായ നിരവധി അംബരചുമ്പികൾ നിയന്ത്രിത സ്ഫോടനത്തിലൂടെ ഇടിച്ചു നിരത്തുന്നത് ചൈനയിൽ നിന്നുള്ള ഒരു സിനിമയിൽ ഞാൻ കണ്ടു. ആർക്കും ഈ കെട്ടിടങ്ങളിൽ ജീവിക്കേണ്ട, മാത്രമല്ല, അതിന്റെ പണിപൂർത്തിയാക്കാനുള്ള പണം അവരുടെ കൈവശമില്ലാതാനും. ഇടിച്ചുനിരത്തുകയല്ലാതെ മറ്റു മാർഗ്ഗങ്ങളില്ല. ചൈനയുടെ പ്രേതനഗരങ്ങളെ പറ്റിയുള്ള ഒരു സിനിമയിൽ പറയുന്നത് അവിടെ 65 മുതൽ 90 ദശലക്ഷം വരെ വീടുകൾ ഒഴിഞ്ഞുകിടക്കുന്നു എന്നാണ്. ശതകോടിക്കണക്കിന് ഇരുമ്പും കോൺഗ്രീറ്റും പൊതുപണവും ഇവിടെ ഉപയോഗശൂന്യമായി. പരാജയപ്പെട്ട കെട്ടിട നിർമ്മാണ പദ്ധതികളിൽ നിക്ഷേപിച്ച പണം ജനങ്ങൾക്ക് നഷ്ടപ്പെട്ടു. ബാങ്കുകളിലും തദ്ദേശ ഭരണ സംവിധാനങ്ങളിലും പണം കമ്മിയാണ്. ആർക്കും താമസിക്കാൻ പറ്റാത്ത കെട്ടിടങ്ങളുടെ പേരിൽ എടുത്തിട്ടുള്ള തിരിച്ചടയ്ക്കാൻ കഴിയാത്ത പണയങ്ങളാണ് ഇതിന്റെ കാരണം. മുഴുവൻ സാമ്പത്തിക സംവിധാനങ്ങളുടെയും ഭദ്രത അപകടത്തിലാണ്.

നാൻജിങ്ങ്, ഷാങ്ഹായ് പോലുള്ള ചൈനീസ് വൻ നഗരങ്ങളിലെ അംബരചുംബി സമുച്ചയങ്ങളും ആ സിനിമയിൽ കാണിച്ചിട്ടുണ്ട്. അവിടെ താമസിക്കുന്ന ജനങ്ങൾ ഭയത്തിലാണ്. കാരണം, കെട്ടിടങ്ങൾ തകർന്നുവീഴുന്നതിന്റെ ലക്ഷണങ്ങൾ അവർ കാണുന്നു. ഈ കെട്ടിടങ്ങളുടെ മുകൾത്തട്ടുകളിൽ വിള്ളലുകൾ പ്രത്യക്ഷമാകുന്നു. വാതിലുകൾ അടയ്ക്കാൻ കഴിയുന്നില്ല. ലിഫ്റ്റുകൾ പ്രവർത്തനരഹിതമാണ്. മോശം നിർമ്മാണവും ഉറപ്പില്ലാത്ത മണ്ണിൽ വേണ്ടത്ര അടിസ്ഥാനമില്ലാതെ കൂറ്റൻ കെട്ടിടങ്ങൾ പണിതുയർത്തിയതും ഇതിനൊക്കെ കാരണമാണ്. ഒരിക്കൽ ഈ കെട്ടിടങ്ങൾ ചലിക്കാൻ തുടങ്ങുമ്പോൾ ആ ദുരന്തം തടയാൻ ഒന്നിനും കഴിയില്ല. അങ്ങനെയൊരു അപകടമുണ്ടായപ്പോൾ, കെട്ടിടം പെട്ടെന്ന് ഒഴിയാൻ അതിൽ താമസിക്കുന്നവർക്ക് മൈക്കിലൂടെ സന്ദേശം നൽകി. വസ്തുവകകൾ എടുക്കാൻ കെട്ടിടത്തിൽ തിരികെ കയറരുതെന്നും അവർക്ക് മുന്നറിയിപ്പ് ലഭിച്ചു. എന്നാൽ, അത് പെട്ടെന്ന് തകർന്നുവീഴുകയും അതിൽ വസിച്ചവർ മരണപ്പെടുകയും ചെയ്തു.

അടുത്തകാലത്ത് ചൈനയിൽ അതിതീവ്ര മഴ വലിയ നാശനഷ്ടങ്ങളാണ്

വരുത്തിയത്; നിരവധി വീടുകൾ തകർന്നുവീഴുന്നു, തെരുവുകൾ നദികളെപ്പോലെ വെള്ളത്താൽ നിറയുന്നു, പാലങ്ങൾ തകരുന്നു, പ്രളയ പ്രതിരോധ സംവിധാനങ്ങൾ പരാജയപ്പെടുന്നു. ബെയ്ജിങ്ങിന്റെ ചില ഭാഗങ്ങൾ ഉൾപ്പെടെ താഴ്ന്നുകിടക്കുന്ന നഗരങ്ങൾ വെള്ളത്തിനടിയിലായി. ആ നഗരത്തിൽ ആലിപ്പഴമാരി (hail stone) വൻനാശം വിതച്ചു. ടെന്നീസ് ബോളിന്റെ വലിപ്പത്തിലുള്ള ആലിപ്പഴമാണ് നഗരത്തിൽ പെയ്തത്. യാങ്സി നദിയിൽ നിർമ്മിച്ചിരിക്കുന്ന കൂറ്റൻ അണക്കെട്ട് ശതകോടി ടൺ കണക്കിന് വെള്ളം ഉൾക്കൊള്ളുന്നു. ചൈനയുടെ വ്യാവസായിക ഉല്പാദനത്തിന് ഊർജ്ജം പകരുന്ന ജല വൈദ്യുത പദ്ധതികൾ ഈ അണക്കെട്ടിലാണ്. എന്നാൽ അവയുടെ സുരക്ഷയെപ്പറ്റി ഇപ്പോൾ ആശങ്കകളുണ്ട്. വെള്ളത്തിന്റെ കൊടിയ ഭാരം ഭൂമിക്കടിയിൽ സമ്മർദ്ദം കൂട്ടുകയും ഭൂമികുലുക്കത്തിലേക്ക് അത് നയിക്കുകയും ചെയ്യുന്നു. ഈ അണക്കെട്ട് പൊട്ടിയാൽ അതിന് താഴെ ജീവിക്കുന്ന 400 ദശലക്ഷം ജനങ്ങളുടെ ജീവൻ അപകടത്തിലാവും. കൂടാതെ വുഹാൻ, ഷാങ്ഹായ് പോലുള്ള നഗരങ്ങൾ ഇല്ലാതാകും. ഗോപുരങ്ങൾ വീഴുകയാണ്.

### റഷ്യ

റഷ്യയുടെ വമ്പൻ എണ്ണ, വാതകശേഖരം രാജ്യത്തിലേക്ക് സമ്പത്ത് കൊണ്ടുവന്നു. എന്നാൽ, അത് എത്തിയത് പുട്ടിന്റെയും എണ്ണ വ്യവസായികളുടെയും കൈകളിലാണ്. മോസ്കോയിലും സെന്റ് പീറ്റേഴ്സ് ബർഗിലും അംബരചുംബികൾ പണിതുയർത്തി. റഷ്യയിൽ നിക്ഷേപം നടത്തുന്ന പാശ്ചാത്യ കമ്പനികൾക്ക് എണ്ണയും വാതകവും വിറ്റ് റഷ്യ യൂറോപ്യൻ സമ്പദ് വ്യവസ്ഥയുമായി ഇഴുകിച്ചേർന്നു.

ഇപ്പോൾ അതെല്ലാം മാറിമറിഞ്ഞിരിക്കുന്നു. യുക്രൈനിൽ അധിനിവേശം നടത്തിയതുമൂലം റഷ്യ ലോകത്തെ ഒരു യുദ്ധത്തിലേക്ക് തള്ളി വിടുകയായിരുന്നു. നാറ്റോയും റഷ്യയും തമ്മിലുള്ള ഏറ്റുമുട്ടൽ യൂറോപ്പിന്റെ മറ്റു ഭാഗങ്ങളെ ഭീഷണിയുടെ മുൾമുനയിൽ നിർത്തുന്നു. സൈബർ ആക്രമണങ്ങളിൽ ഏർപ്പെടുന്നതുകൊണ്ട് പാശ്ചാത്യലോകത്തിൽ റഷ്യ യുദ്ധത്തെ ഒരു പുതിയ തലത്തിൽ എത്തിച്ചിരിക്കുന്നു. യുദ്ധം യുക്രെയ്നെ കൊടിയ യാതനയിൽ എത്തിച്ചിരിക്കുന്നു. ഈ യുദ്ധം റഷ്യക്കും വിനാശകരമായി തീർന്നിരിക്കുന്നു. ഈ യുദ്ധത്തിൽ, ഒരു ദശലക്ഷം റഷ്യൻ സൈനികർ കൊല്ലപ്പെടുകയോ അല്ലെങ്കിൽ പരിക്കേൽക്കുകയോ ചെയ്തിട്ടുണ്ട്. മറ്റൊരു ദശലക്ഷം ചെറുപ്പക്കാർ യുദ്ധത്തിലെ നിർബന്ധിതസേവനം ഒഴിവാക്കാൻവേണ്ടി രാജ്യം വിട്ടുപോയിരിക്കുന്നു. ഉപരോധങ്ങൾ റഷ്യൻ സാമ്പത്തിക വ്യവസ്ഥയെ തകർത്തിരിക്കുന്നു. എണ്ണ, വാതക കയറ്റുമതിയിൽ നിന്നും യുദ്ധം വരുത്തിയ ചെലവിൽ നിന്നും റഷ്യയ്ക്ക് വൻതോതിൽ പണം നഷ്ടപ്പെടുന്നു. റഷ്യയ്ക്കുള്ളിൽ കയറി യുക്രൈൻ എണ്ണ സംഭരണശാലകളും ശുദ്ധീകരണശാലകളും ആക്രമിച്ചു. അത് പെട്രോൾ ക്ഷാമം ഉണ്ടാക്കുകയും വിലക്കയറ്റം വർദ്ധിപ്പിക്കുകയും ആഹാരത്തിന് ക്ഷാമം വരുത്തുകയും ചെയ്യുന്നു. പുട്ടിനും അദ്ദേഹത്തിന്റെ അഴിമതി സർക്കാരിനും നിഷ്ഫലമായ യുദ്ധത്തിനും എതിരെ ജനരോഷം ഉയരുന്നു. റഷ്യൻ പോലീസ് ഭരണകൂടം അത് അടിച്ചമർത്തുന്നു. റഷ്യയിൽ പണം കുറയുകയാണെന്ന് മുന്നറിയിപ്പുകളുണ്ട്. അതുമൂലം, വരാൻ പോകുന്ന ശൈത്യകാലത്തിന്റെ അടിയന്തര സാഹചര്യത്തെ അതിനു നേരിടാൻ കഴിയുമോയെന്ന് സംശയമുണ്ട്. ഗോപുരങ്ങൾ വീഴുകയാണ്.

## ക്രമമില്ലായ്മയിൽ നിന്ന് ക്രമത്തിലേക്ക്

നിങ്ങൾ ലോകത്തിൽ എവിടെ നോക്കിയാലും തകർച്ചയുടെ വരവിനെപ്പറ്റിയുള്ള സൂചനകളാണ്, ചിലത് പരിസ്ഥിതി പ്രശ്നങ്ങൾ മൂലമാണ്, ചിലതിന്റെ കാരണം സാമ്പത്തിക സംവിധാനത്തിന്റെ പരാജയവും മോശം മുതലാളിത്ത അല്ലെങ്കിൽ കമ്മ്യൂണിസ്റ്റ് സർക്കാരുകളുമാണ്.

ഈ രംഗത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ശക്തികൾ ഇതിൽനിന്ന് പ്രയോജനം ഉണ്ടാക്കാൻ, അതായത് ലോകത്തെ കുഴപ്പത്തിൽ നിന്ന് ക്രമത്തിലേക്ക് നയിക്കാൻ ശ്രമിക്കുന്നുവെന്ന് ചിലർ പറയുന്നു. ലോകത്ത് പുതിയ ലോക ക്രമം കൊണ്ടുവരാൻ പ്രവർത്തിക്കുന്ന ഒരുകൂട്ടം നിഴൽ സംഘടനകൾ ഉണ്ട്. നാം ഈ ലേഖനത്തിൽ കണ്ടതുപോലെ ഈ നവലോക ക്രമത്തിന് ഒന്നിലധികം ഭാഷ്യങ്ങളുണ്ട്, ഒന്ന്, അമേരിക്കയെയും പാശ്ചാത്യ രാജ്യങ്ങളെയും അടിസ്ഥാനപ്പെട്ടത്, മറ്റൊന്ന്, ചൈനയേയും അതിന്റെ സഖ്യകക്ഷികളെയും അടിസ്ഥാനപ്പെടുത്തിയത്, മറ്റൊന്ന് ഐക്യരാഷ്ട്രസഭയെയും അതിന്റെ അജണ്ട 30 പദ്ധതിയെയും ലോക സാമ്പത്തിക സമിതിയുടെ 'മഹാ പുനഃക്രമത്തെയും' അടിസ്ഥാനപ്പെടുത്തിയത്.

ഇത് നമ്മെ പീറ്റർ തീലിലേക്കും സാങ്കേതിക വിദ്യയും ആംഗുലി തിരിച്ചറിയൽ കാർഡുകളും ഉപയോഗിച്ച് ജനങ്ങളെ നിയന്ത്രിക്കുന്ന ആഗോള സമൂഹത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ എതിർ ക്രിസ്തു ദർശനത്തിലേക്കും തിരികെ കൊണ്ടുവരുന്നു. ഇത് സംഭവിക്കുമെന്ന് 2002 – ൽ മരണമടഞ്ഞ ന്യൂസ് ലൻഡിൽ നിന്നുള്ള പ്രവചന അധ്യാപകൻ ബാരി സ്മിത്ത് നിരവധി വർഷങ്ങൾക്കു മുമ്പ് പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ചിന്ത സമയത്തിന് മുന്നേ ആയിരുന്നു. ശരീരത്തിൽ പതിപ്പിക്കുന്ന സൂക്ഷ്മച്ചീളുകളിലൂടെ (chips) പണരഹിത സമൂഹവും ആംഗുലീ നാണയവും ആഗോള നിയന്ത്രണ സംവിധാനവും വരുമെന്ന് അദ്ദേഹം പ്രവചിച്ചു. ഈ ചീളുകൾ പതിപ്പിക്കാതെ ജനങ്ങൾക്ക് സമൂഹത്തിൽ പ്രവേശിക്കാനും വിൽക്കാനും വാങ്ങാനും കഴിയില്ല.

ഗോപുരങ്ങൾ വീഴുമ്പോൾ നിങ്ങൾ എവിടെയായിരിക്കും? നമ്മുടെ സമൂഹത്തിൽ വരാൻ പോകുന്ന ദുരന്തത്തെ ഒഴിവാക്കാൻ നമുക്ക് ആകില്ല. ദൈവത്തിലേക്ക് തിരിഞ്ഞ് യേശുക്രിസ്തുവിലുള്ള രക്ഷ സ്വീകരിക്കുന്നതിലൂടെ നമുക്ക് അതിന്റെ അനന്തരഫലങ്ങളിൽ നിന്ന് നമ്മെത്തന്നെ രക്ഷിക്കാൻ കഴിയും.

യേശു പറഞ്ഞു: ***'ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടുപണിത മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു, അതു വീണു; അതിന്റെ വീഴ്ച വലിയതായിരുന്നു'*** (മത്താ. 7:24–27).

ഇപ്പോഴത്തെ ഈ ലോക സംവിധാനം മണലിൻമേൽ പണിത വീടാണ്. അത് തകർന്നു വീഴും. ഈ ലോകത്തിന്റെ രാജ്യം കുലുങ്ങും. എന്നാൽ ദൈവത്തിന്റെ രാജ്യത്തിന് കുലുക്കമില്ല, അത് എന്നെന്നേക്കും നിലനിൽക്കും (എബ്രാ. 12:25–28). യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുന്നതിലൂടെ നിങ്ങൾ ആ രാജ്യത്ത് പ്രവേശിക്കുകയാണെങ്കിൽ ലോകത്ത് എന്തു തന്നെ സംഭവിച്ചാലും നിങ്ങൾക്ക് ശാശ്വത സമാധാനവും സുരക്ഷയും ഉണ്ടാകും. ✱

# യിസ്രായേലും പലസ്തീനും ഇത് സമാധാനമോ?




ഒക്ടോബർ 9-ന്, യിസ്രായേലിനും പശ്ചിമേഷ്യയ്ക്കും വേണ്ടി പ്രസിഡണ്ട് ട്രംപ് തന്റെ സമാധാനപദ്ധതി പ്രഖ്യാപിച്ചു. ഒക്ടോബർ 13-ന് യിസ്രായേലി ബന്ദികൾ മോചിതരായി യിസ്രായേലിൽ തിരിച്ചെത്തിയപ്പോൾ അദ്ദേഹം യിസ്രായേലി പാർലമെന്റിനെ അഭിസംബോധന ചെയ്തു. അബ്രാഹാമിന്റെയും ഇസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവത്തിന് അദ്ദേഹം നന്ദി പറയുകയും യുദ്ധം അവസാനിച്ചെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഒരു പുതിയ പശ്ചിമേഷ്യയുടെ ചരിത്രപരമായ തുടക്കമാണിതെന്ന് അദ്ദേഹം വിളംബരം ചെയ്തു. യിസ്രായേലിലെയും ആ മേഖലയിലെയും ജനങ്ങൾക്ക് 'സമാധാനത്തിലും ഐക്യത്തിലും ജീവിക്കാനുള്ള' പാത അതു തുറക്കുമെന്നും അദ്ദേഹം പറഞ്ഞു.

അതിനുശേഷം അദ്ദേഹം ഷാം എൽ ഷെയ്ഖിലേക്ക് പറന്നു. അമേരിക്ക, ഈജിപ്റ്റ്, ഖത്തർ, തുർക്കി എന്നീ രാജ്യങ്ങളിൽ നിന്നുള്ള നേതാക്കൾ ചരിത്രപരമായ ആ കരാർ അവിടെവച്ചാണ് ഒപ്പു വച്ചത്. മുപ്പതിലധികം ആഗോളനേതാക്കൾ ആ ചടങ്ങിൽ സംബന്ധിച്ചു. ഈ പദ്ധതിയുടെ വിജയത്തിനായി മുഖ്യപങ്കു വഹിച്ച ഈജിപ്റ്റിന്റെ പ്രസിഡണ്ട് സിസി, സമാധാനക്കരാറിനെ സ്വാഗതം ചെയ്തപ്പോൾ, പലസ്തീൻ രാജ്യത്തിന്റെ സ്ഥാപനത്തിന്റെ പാതയിലേക്കുള്ള ചവിട്ടുപടിയായിരിക്കണം ഈ കരാറെന്ന് വ്യക്തമാക്കി. പശ്ചിമേഷ്യയിലെ പ്രശ്നത്തിന്റെ ശാശ്വത പരിഹാരമായിരിക്കും അത്. ഐക്യരാഷ്ട്ര സഭയുടെയും, കരാറൊപ്പിട്ട ബ്രിട്ടൻ, ഫ്രാൻസ് ഉൾപ്പെടെയുള്ള എല്ലാ രാജ്യങ്ങളുടെയും വീക്ഷണവും ഇതാണ്. ഗാസയുടെ പുനർ നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്ന അന്താരാഷ്ട്ര സ്ഥിരതാ സേനയുടെ ഭാഗമാകുന്ന അറബ് രാജ്യങ്ങളും ഇതിനെ സമാധാന പ്രക്രിയയിലേക്കുള്ള ലക്ഷ്യമായി കാണുന്നു.

ഐക്യരാഷ്ട്രസഭയുടെ പൊതുസഭയിൽ സെപ്റ്റംബറിൽ അതിന്റെ സെക്രട്ടറി ജനറൽ ഗുട്ടെറസ് എന്താണ് ഇതുകൊണ്ട് അർത്ഥമാക്കുന്നതെന്ന് പ്രഖ്യാപിച്ചു:' രണ്ട് സ്വതന്ത്ര ജനാധിപത്യ പരമോന്നത രാജ്യങ്ങൾ, യിസ്രയേലും പലസ്തീനും, സമാധാനത്തിലും സുരക്ഷയിലും 1967-നു മുമ്പുള്ള തിരിച്ചറിയപ്പെട്ട അതിർത്തിക്കുള്ളിൽ അടുത്തടുത്ത് ജീവിക്കും. അന്താരാഷ്ട്ര മാനദണ്ഡമനു

സരിച്ച് യെരുശലേം രണ്ട് രാജ്യങ്ങളുടെയും തലസ്ഥാനമായിരിക്കും'. യിസ്രയേലിന്റെ പ്രധാനമന്ത്രി നെതന്യാഹു ഈ നിർദ്ദേശം ഇതിനകം തള്ളിക്കളഞ്ഞിരിക്കുന്നു. ഇതിനെ പിന്തുണയ്ക്കുന്ന രാജ്യങ്ങൾ (ബ്രിട്ടൻ ഉൾപ്പെടെ) ഹമാസിനും അവരുടെ തീവ്രവാദത്തിനും പ്രതിഫലം കൊടുക്കുകയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. യിസ്രയേലിന്റെ ശത്രുക്കൾക്ക് ദ്വിരാഷ്ട്ര പരിഹാരം ആവശ്യമില്ലെന്നും, യെഹൂദ രാഷ്ട്രമായ യിസ്രയേലിനു പകരമുള്ള ഒരൊറ്റ രാഷ്ട്ര പരിഹാരമാണ് അവർക്കു വേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

നിർദ്ദിഷ്ട പലസ്തീൻ രാഷ്ട്രം പശ്ചിമ തീരത്തായിരിക്കും. യെഹൂദന്മാരെ കടലിലേക്കു പുറന്തള്ളുക എന്ന ഉദ്ദേശ്യത്തോടെ ഈജിപ്റ്റും സിറിയയും ജോർദാനും ഒരുമിച്ചു വന്ന 1967-ലെ ആറു ദിവസ യുദ്ധത്തിൽ യിസ്രയേൽ നിയന്ത്രണമേറ്റെടുത്ത മേഖലയാണ് പശ്ചിമ തീരം. ബൈബിൾ ഹൃദയ ഭൂമിയായ യെഹൂദ്യയെയും ശമര്യയെയും പുരാതന യെരൂശലേം നഗരവും പിടിച്ചടക്കിക്കൊണ്ട് യിസ്രയേൽ യുദ്ധത്തിൽ തിളക്കമാർന്ന വിജയം നേടി. അറബ് രാഷ്ട്രങ്ങളുടെ അംഗീകാരത്തിനുവേണ്ടിയും സമാധാനത്തിനു വേണ്ടിയും ഈ പ്രദേശങ്ങളെല്ലാം തിരിച്ചു കൊടുക്കാൻ യിസ്രയേൽ സന്നദ്ധമായിരുന്നു. എന്നാൽ ഖാർത്തും ഉച്ചകോടിയിൽ മൂന്നു 'ഇല്ലാ'കളിലൂടെ (No's) അവർ യിസ്രയേലിനോട് പ്രതികരിച്ചു — സമാധാനമില്ല, അംഗീകാരമില്ല, യിസ്രയേലുമായി യാതൊരുവിധ ഇടപാടുമില്ല.

അതിനുശേഷം പശ്ചിമതീരത്ത് കുടിയേറ്റ പട്ടണങ്ങൾ പണിയാൻ യിസ്രായേൽ ആരംഭിച്ചു, പ്രത്യേകിച്ച്, മതപരമായ പ്രാധാന്യമുള്ള ഹെബ്രോനടുത്തുള്ള കിരിയത്ത് അർബയിൽ അവർ കുടിയേറ്റ പട്ടണങ്ങൾ പണിതു. മുഴുവൻ യെരുശലേമും യിസ്രയേലിന്റെ 'വിഭജിക്കാനാവാത്ത തലസ്ഥാനമായി' അത് പ്രഖ്യാപിച്ചു. യെരൂശലേമിനു ചുറ്റുമുള്ള പ്രദേശങ്ങളിൽ ഏതാണ്ട് 200,000 യിസ്രയേലികൾ ജീവിക്കുന്നു. പശ്ചിമ തീരം/യെഹൂദ്യ, ശമര്യ പ്രദേശങ്ങളിൽ ഏകദേശം 500,000 യിസ്രയേലികളും ജീവിക്കുന്നു. യെഹൂദ്യ — ശമര്യയും ജോർദാൻ താഴ്‌വരയും യിസ്രയേൽ ദേശത്തിന്റെ വേർപിരിക്കാനാവാത്ത ഭാഗമാണെന്നും യെഹൂദ ജനതയുടെ ചരിത്രപരവും സാംസ്കാരികവും ആത്മീയവുമായ മാതൃഭൂമിയാണെന്നും ജൂലൈ 24 -ന് പാർലമെന്റ് പ്രമേയം പാസാക്കി. യിസ്രയേലിന്റെ ബൈബിൾ ചരിത്രത്തിന്റെ അടിസ്ഥാനത്തിലാണ് അവർ ഈ അവകാശം ഉന്നയിച്ചത്:' രാഷ്ട്രത്തിന്റെ പൂർവ്വ പിതാക്കന്മാരും പ്രവാചകന്മാരും ഈ മേഖലകളിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. യെഹൂദ സംസ്കാരത്തിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനങ്ങൾ അവരിലാണ് സ്ഥാപിതമായത്' എന്ന് പ്രമേയം പറയുന്നു.

1967-ലെ അതിർത്തി അടിസ്ഥാനപ്പെടുത്തിയാണ് പാലസ്തീൻ രാജ്യമെങ്കിൽ, യിസ്രയേലിന്റെ കുടിയേറ്റ പ്രദേശങ്ങൾ നീക്കം ചെയ്യണം. മാത്രമല്ല, യിസ്രയേലിന്റെ തീരദേശ മുനമ്പ്, അതിന്റെ ജനവാസ മേഖലയ്ക്ക് അടുത്തുള്ള ശത്രുക്കളിൽ നിന്ന് ആക്രമണ ഭീഷണി നേരിടാം. 2005-ൽ യിസ്രയേൽ ഗാസയിൽ നിന്ന് പിന്മാറിയപ്പോൾ, ഹമാസ് അതിന്റെ നിയന്ത്രണം ഏറ്റെടുക്കുകയും അതിനെ ഒരു തീവ്രവാദ കേന്ദ്രമാക്കി മാറ്റുകയും ചെയ്തു. കൂടാതെ, ഇറാനിൽ നിന്നുള്ള മിസൈലുകൾ അവർ അവിടെ ശേഖരിക്കുകയും യിസ്രയേലിന്റെ സമ്പൂർണ്ണ നാശം



ഉദ്ദേശിച്ചുള്ള തീവ്രവാദ പ്രമാണത്തിന് രൂപം നൽകുകയും ചെയ്തു. ജൂലൈ 24-ന്, പാർലമെന്റ്, ഈ പ്രസ്താവന യിറക്കി: '2023 ഒക്ടോബർ 7-ലെ കൂട്ട ക്കൊല, യിസ്രയേലിന്റെ അസ്തിത്വ ത്തിനും അതിന്റെ പൗരന്മാർക്കും ആ സമ്പൂർണ്ണ മേഖലയ്ക്കും ഭീഷണിയാ ണെന്ന് പാലസ്തീൻ രാഷ്ട്രത്തിന്റെ സ്ഥാപനം തെളിയിക്കുന്നു.'

## ബൈബിൾ വീക്ഷണം

യെഹൂദ ജനത ഭൂമിയുടെ അറ്റത്തോളും ചിതറിപ്പോകുമെന്നും അന്ത്യകാലത്ത് യേശു മശിഹായുടെ മടങ്ങിവരവിന്റെ ഒരുക്കത്തിനു വേണ്ടി അവർ യിസ്ര യേൽ ദേശത്തേക്ക് മടങ്ങിവരുമെന്നു മുള്ള പ്രവചനങ്ങൾ ബൈബിളിലുണ്ട്.

***'ഞാൻ നിങ്ങളെ ജാതികളുടെ ഇടയി ൽനിന്നു കൂട്ടി സകലദേശങ്ങളിൽ നിന്നും നിങ്ങളെ ശേഖരിച്ചു സ്വന്ത ദേശത്തേക്കു വരുത്തും..... ഞാൻ നിങ്ങളുടെ പിതാക്കന്മാർക്കു കൊടു ത്ത ദേശത്തു നിങ്ങൾ പാർക്കും; നിങ്ങൾ എനിക്കു ജനമായും ഞാൻ നിങ്ങൾക്കു ദൈവമായും ഇരിക്കും'*** (യെഹെ. 36:24-28, യെശ. 11, യിരെ. 30-32, സെഖ. 12-14).

ഈ വാക്യങ്ങളും, യെഹെസ്കേൽ 37-ലെ 'ഉണങ്ങിയ അസ്ഥിയുടെ' സൂചനയും യെഹൂദ ജനതയുടെ മട ങ്ങിവരവ് അവിശ്വാസത്തിലായിരിക്കു മെന്ന് സൂചിപ്പിക്കുന്നു. അതിനുശേഷം, കൊടിയ കഷ്ടതയുടെ വേളയിൽ അവർ കർത്താവിലേക്ക് തിരിയുകയും പരി ശുദ്ധാത്മാവിനാൽ അവർ വീണ്ടും ജനിക്കുകയും ചെയ്യും.

അത് സംഭവിക്കുന്നതിനു മുൻപ്, തങ്ങളെ നശിപ്പിക്കാനും ദേശത്തു നിന്നു നീക്കം ചെയ്യാനുള്ള പല ശ്രമ ങ്ങൾ മടങ്ങിവരുന്ന യിസ്രായേൽ രാജ്യം അഭിമുഖീകരിക്കും. ***'ഇതാ, നിന്റെ ശത്രുക്കൾ കലഹിക്കുന്നു; നിന്നെ പകെക്കുന്നവർ തല ഉയർ ത്തുന്നു...... വരുവിൻ, യിസ്രായേൽ ഒരു ജാതിയായിരിക്കാതവണ്ണം നാം അവരെ മുടിച്ചുകളക. അവരുടെ പേർ ഇനി ആരും ഓർക്കരുതു എന്നു അവർ പറഞ്ഞു. അവർ ഇങ്ങനെ ഐകമത്യത്തോടെ ആലോചിച്ചു, നിനക്കു വിരോധമായി സഖ്യത ചെയ്യുന്നു'*** (സങ്കീ. 83). ഈ ശത്രു സൈന്യങ്ങളുടെ അധിനിവേശത്തിൽ നിന്ന് ദൈവം യിസ്രയേലിനെ എങ്ങ നെ രക്ഷിക്കുമെന്ന് സങ്കീർത്തനം തുടർന്നു പറയുന്നു. യെഹെസ്കേൽ 38-1, 39 എന്നീ അദ്ധ്യായങ്ങളിലെ ഗോഗ് മാഗോഗ് യുദ്ധവുമായി ബന്ധ പ്പെട്ട സംഭവങ്ങൾ കാണുക.

ഈ സംഘർഷത്തിന്റെ കേന്ദ്രബിന്ദു യെരുശലേം നഗരമായിരിക്കും. ***'ഞാൻ യെരുശലേമിനെ ചുറ്റുമുള്ള സകല ജാതികൾക്കും ഒരു പരിഭ്രമപാത്ര മാക്കും; യെരുശലേമിന്റെ നിരോധ ത്തിങ്കൽ അതു യെഹൂദെക്കും വരും. അന്നാളിൽ ഞാൻ യെരുശലേമിനെ സകലജാതികൾക്കും ഭാരമുള്ള കല്ലാ ക്കി വെക്കും; അതിനെ ചുമക്കുന്നവ രൊക്കെയും കഠിനമായി മുറിവേ ല്ക്കും; ഭൂമിയിലെ സകലജാതികളും അതിനു വിരോധമായി കൂടിവരും'*** (സെഖ. 12:2-3).

## ദാനിയേൽ 9:27

അതുകൊണ്ട് ഇത് സമാധാനമാണോ? തന്റെ സമാധാന പദ്ധതി മുഖേന പശ്ചി മേഷ്യയിൽ ശാശ്വതസമാധാനം കൊ ണ്ടുവന്നെന്ന് ട്രംപ് പറഞ്ഞു. എന്നാൽ, ശാശ്വതമായ എന്തെങ്കിലും ദൈവ ത്തിനു മാത്രമേ കൊണ്ടുവരാൻ കഴിയൂ, പ്രത്യേകിച്ച്, സമാധാനവുമായി ബന്ധ പ്പെട്ട കാര്യങ്ങൾ. മൂന്നാം ലോകമഹാ യുദ്ധം ഉണ്ടാകില്ലെന്ന് പ്രസ്തുത കരാർ ഉറപ്പാക്കുന്നുവെന്നും അദ്ദേഹം പറ ഞ്ഞു. എന്നാൽ യിസ്രയേൽ ദേശത്തി നുവേണ്ടിയും യെരുശലേമിനുവേ ണ്ടിയും ഒരു ആഗോള യുദ്ധമുണ്ടാകു മെന്ന് ബൈബിൾ പറയുന്നു. (യെഹെ. 38, 39, സെഖ. 12-14, വെളി. 16, 19). 'സമാധാനം ഇല്ലാതിരിക്കെ, സമാ ധാനം സമാധാനം എന്നു' (യിരെ. 6:14)

പറയുന്നവർക്കെതിരെ ബൈബിൾ മുന്നറിയിപ്പ് നൽകുന്നു. ***'അവർ സമാധാനമെന്നും നിർഭയമെന്നും പറയുമ്പോൾ ഗർഭിണിക്കു പ്രസവവേദന വരുമ്പോലെ അവർക്കു പെട്ടെന്നു നാശം വന്നു ഭവിക്കും; അവർക്കു തെറ്റിയൊഴിയാവതുമല്ല'*** (1 തെസ്സ. 5:3).

ഇതു സമാധാനമല്ലെങ്കിൽ, ദാനിയേലിന്റെ പുസ്തകത്തിൽ കാണുന്ന ബൈബിൾ പ്രവചനവുമായി ഇതിനു ബന്ധമില്ലേ? ***'അവൻ ഒരു ആഴ്ചവട്ടത്തേക്കു പലരോടും നിയമത്തെ കഠിനമാക്കും; ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിളക്കയും; മ്ളേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും; നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെ മേൽ കോപം ചൊരിയും'*** (ദാനി. 9:27).

ഇവിടെ ഉടമ്പടിയെപ്പറ്റി യെശയ്യാവ് കൂടുതലായി നമ്മോട് പറയുന്നു. 'പരിഹാസികൾ' കൊണ്ടുവരുന്ന 'മരണത്തിന്റെ ഉടമ്പടിയുടെ' ചതിയായി അത് മാറും. ***'അതുകൊണ്ടു യെരൂശലേമിലെ ഈ ജനത്തിന്റെ അധിപതികളായ പരിഹാസികളേ, യഹോവയുടെ വചനം കേൾപ്പിൻ. ഞങ്ങൾ മരണത്തോടു സഖ്യതയും പാതാളത്തോടു ഉടമ്പടിയും ചെയ്തിരിക്കുന്നു; പ്രവഹിക്കുന്ന ബാധ ആക്രമിക്കുമ്പോൾ അതു ഞങ്ങളോടു അടുത്തു വരികയില്ല; ഞങ്ങൾ ഭോഷ്കിനെ ശരണമാക്കി വ്യാജത്തിൽ ഒളിച്ചിരിക്കുന്നു എന്നു നിങ്ങൾ പറഞ്ഞുവല്ലോ'*** (യെശ. 28: 14–15).

ട്രംപിന്റെ സമാധാന പദ്ധതിയും ദാനിയൽ 9: 27 – ഉം തമ്മിൽ ഒരു ബന്ധം നിരവധി പ്രവചന അധ്യാപകർ കാണുന്നു.

ബന്ധികളുടെ മോചനവും ഘട്ടംഘട്ടമായുള്ള വെടി നിർത്തലും ഗാസയ്ക്കു വേണ്ടിയുള്ള ഒരു പുതിയ ഭരണ സംവിധാനവും ഉൾപ്പെടുന്ന ഈ ഉടമ്പടി എല്ലാ കക്ഷികളും അംഗീകരിക്കുകയും ഒരു അന്താരാഷ്ട്ര സഖ്യം അതിനെ പിന്തുണയ്ക്കുകയും ചെയ്തു. അമേരിക്കയുടെയും യൂറോപ്യൻ നേതാവായ ടോണി ബ്ലെയറിന്റെയും മേൽനോട്ടത്തിൽ ഒരു 'സമാധാന സമിതി' ഈ ഉടമ്പടി നടപ്പിലാക്കുന്നതിന്റെ മേൽനോട്ടം വഹിക്കും. ഒന്നിലധികം രാജ്യങ്ങൾ അത് ഉറപ്പാക്കും. യുദ്ധം അവസാനിക്കും. ഗാസ പുനർനിർമ്മിക്കും. മിക്കവാറും ലോകത്തിന് ദീർഘകാലമായി അവർ കാത്തിരുന്ന ഒരു അത്ഭുതമായിട്ട് ഇത് തോന്നുന്നു. എന്നാൽ, ബൈബിൾ പ്രവചന വിദ്യാർത്ഥികളെ സംബന്ധിച്ച് ഇത് ഉദാത്തമായ, ഭീകരമായ ചില ചോദ്യങ്ങൾ ഉയർത്തുന്നു. അവസാനത്തെ പ്രവചന ഘടികാരത്തിന്റെ മിടിപ്പ് ആരംഭിക്കുന്ന – ദാനിയേൽ പ്രവചിച്ച സമാധാനത്തിന്റെ തുടക്കമായിരിക്കുമോ ഇത്? 'പലരോടും നിയമത്തെ കഠിനമാക്കുന്ന' ഒരുവനെപ്പറ്റി ദാനിയേൽ 9:27 -ൽ പറയുന്നു. ഈ വാക്കുകൾ ശ്രദ്ധേയമാണ്. 'സൃഷ്ടിക്കുമെന്നല്ല' പറയുന്നത് 'കഠിനമാക്കുമെന്നാണ്' പറയുന്നത്. എബ്രായ ഭാഷയിൽ അത് അർത്ഥമാക്കുന്നത് നിലവിലുണ്ടായിരുന്ന ഒരു ഉടമ്പടിയെ ശക്തീകരിക്കുകയോ നടപ്പിലാക്കുകയോ ചെയ്യുന്നതിനെയാണ്. ഇത് ഗാസയുടെ മാത്രം സമാധാന പദ്ധതിയല്ല, മുഴുവൻ പശ്ചിമേഷ്യൻ ദേശത്തിന്റെയും സമാധാനത്തിന്റെ തുടക്കമാണെന്ന് ട്രംപ് ഇതിനകം വീമ്പിളക്കികഴിഞ്ഞു. ഇതൊരു തുടക്കം മാത്രമാണ്. ഭാവിയിൽ എന്തോ ബ്രഹത്തായത് കൊണ്ടുവരാനുള്ള പദ്ധതികൾ ഇവിടെ വ്യക്തമാണ്. കൂടുതൽ രാജ്യങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു വലിയ സമാധാന പദ്ധതി അതിന്റെ പൂർത്തീകരണത്തിലേക്കു വരുന്നതുവരെ ഇപ്പോൾ ഈ രീതിയിലുള്ള ചെറിയ ചുവട് വയ്പ്പുകളാണ് എടുക്കുന്നത്.

യിസ്രയേലും 'പലരും' (പ്രശ്നപരിഹാരത്തിനായി ശ്രമിക്കുന്ന നിരവധി രാജ്യങ്ങൾ) തമ്മിൽ ഇതിനകം നിലനിൽക്കുന്ന ഒരു ഉടമ്പടി ഒരു ഭാവി ആഗോള നേതാവ് ഒരു ദിവസം സ്ഥിരീകരിക്കും. പ്രവചന ഭാഷയിൽ പറഞ്ഞാൽ സ്ഥിരീകരണത്തിന്റെ ഈ പ്രവർത്തി ചരിത്രത്തിലെ അവസാന ഏഴു വർഷ കാലയളവിന്റെ ആരംഭമായിരിക്കും — കർത്താവിന്റെ മടങ്ങിവരവിലേക്കു നയിക്കുന്ന സമയം. നാം അവിടെ എത്തിയോ? തീർച്ചയായും ഇല്ല. എന്നാൽ ഇത് അതിനുവേണ്ടിയുള്ള അടിസ്ഥാനമിടലാണ്. ഒരു ദിവസം അത് ഒരു ഉടമ്പടിയായി പരിണമിക്കും — പ്രവചനത്തിൽ പറയുന്ന, ആ ഒരു ദിവസം, ലോകത്തിന്റെ ശ്രദ്ധയെ പിടിച്ചു പറ്റുന്ന സംവിധാനത്തിന്റെ ആദ്യത്തെ പടിയായിരിക്കും.

ഈ സമാധാന ഉടമ്പടിയെ അസാധാരണമാക്കുന്നത്, അതിന്റെ ബഹുരാഷ്ട്ര മേൽനോട്ടമാണ്. യിസ്രയേലും ഹമാസും തമ്മിൽ മാത്രമല്ല ഈ ഉടമ്പടി. പുറമേയുള്ള രാഷ്ട്രങ്ങളുടെ ഒരു സഖ്യമാണ് അതിനെ ഉറപ്പിക്കുന്നത്: അമേരിക്കയും അറബ് രാജ്യങ്ങളും യൂറോപ്യൻ രാജ്യങ്ങളും അതിൽ ഉൾപ്പെടുന്നു. ഈ ഘടനയുടെ കേന്ദ്രത്തിൽ 'സമാധാന സമിതി' എന്ന് വിളിക്കുന്ന ഒരു സംവിധാനമുണ്ട് — നിയമം പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പിക്കാനും ഗാസയെ ഭരിക്കാനും സഹായിക്കുന്ന ഒരു ആഗോള മേൽനോട്ട സമിതിയാണിത്. അവർ ഭരണപരമാണെന്ന് തോന്നിയാലും, ആത്മീയമായി അത് ആശ്ചര്യമുളവാക്കുന്നതാണ്. വെളി.13, 17, ദാനി. 2, 7 എന്നീ വേദഭാഗങ്ങൾ അവസാനത്തെ ആഗോള ശക്തിയുടെ ഉയർച്ചയെപ്പറ്റി വിവരിക്കുന്നു. പത്ത് നേതാക്കന്മാർ അല്ലെങ്കിൽ 'രാജാക്കന്മാർ' ഒരു സുപ്രധാന വ്യക്തിയുടെ കീഴിൽ അധികാരം പങ്കുവയ്ക്കും. വെളിപ്പാടിലെ 'പത്തു കൊമ്പുള്ള മൃഗം' ഒരു രാഷ്ട്രീയ സഖ്യത്തെയാണ് പ്രതിനിധീകരിക്കുന്നത്. അത് ആത്യന്തികമായി ഒരു ഭരണാധികാരിയെ സേവിക്കും — എതിർ ക്രിസ്തു.

ഇപ്പോഴത്തെ ഉടമ്പടി പരസ്യമായി ഒരു ഏഴ് വർഷക്കാലയളവിനെപ്പറ്റി പറയുന്നില്ല, ചില റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് ദീർഘകാല ഘട്ടംഘട്ടമായുള്ള ക്രമീകരണമാണ് — ചില സമയങ്ങളിൽ അവലോകനത്തിനും സാധ്യത കാണുന്നു. പ്രവചന നിരീക്ഷകർക്ക്, ഈ വിശദാംശങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ദാനിയേലിന്റെ കാലക്രമത്തിൽ, 'അവസാനത്തെ ആഴ്ചവട്ടം' ഏഴു വർഷത്തെയാണ് പ്രതിനിധീകരിക്കുന്നത് - ഈ കാലയളവിലാണ് എതിർ ക്രിസ്തു ഉയർന്നുവരുന്നതും, യിസ്രായേൽ വ്യാജ സമാധാനം അനുഭവിക്കുന്നതും, മന്ദിരം അശുദ്ധമാകുന്നതും, യേശു ക്രിസ്തുവിന്റെ മടങ്ങിവരവിലേക്ക് ലോകം നീങ്ങുന്നതും' (*പ്രവചന നിരീക്ഷണ വാർത്ത*).

ആ ഉടമ്പടി കാണിക്കുന്നത് അതിൽ ഒരു പദ്ധതിയുണ്ടെന്നാണ്. ഭാവികാലത്ത് ഒരു നേതാവിലൂടെ, അവൻ എതിർ ക്രിസ്തുവായിരിക്കും, അതിനെ സ്ഥിരീകരിക്കുകയോ അല്ലെങ്കിൽ ശക്തിപ്പെടുത്തുകയോ ചെയ്യും. ***'അവൻ ഒരു ആഴ്ചവട്ടത്തേക്കു പലരോടും നിയമത്തെ കഠിനമാക്കും'*** (ദാനി. 9:27).

ഈ വാകൃത്തിന്റെ പശ്ചാത്തലം ദാനിയേൽ 9:24-27 വരെ കാണുന്നു. യിസ്രയേലിന്റെ ഭാവിയെപ്പറ്റിയും മശിഹായുടെ വരവിനെപ്പറ്റിയും പ്രത്യേകിച്ച് യെരൂശലേമുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് ഗബ്രിയേൽ ദൂതൻ ദാനിയേലിനു നൽകിയ വെളിപ്പാടാണ് ഇത്.

ഈ സംഭവങ്ങൾ നടക്കുമ്പോൾ, യെഹൂദ ജനതയെപ്പറ്റിയും യെരൂശലേമിനെപ്പറ്റിയും എബ്രായ തിരുവെഴുത്തിലുള്ള പ്രവചനങ്ങൾ നിറവേറും: ***'അതിക്രമത്തെ തടസ്ഥം ചെയ്തു പാപങ്ങളെ മുദ്രയിടുവാനും അകൃത്യത്തിന്നു പ്രായശ്ചിത്തം ചെയ്തു നിതൃനീതി വരുത്തുവാനും ദർശ***

***നവും പ്രവചനവും മുദ്രയിടുവാനും അതിപരിശുദ്ധമായതിനെ അഭി ഷേകം ചെയ്വാനും തക്കവണ്ണം നിന്റെ ജനത്തിനും വിശുദ്ധനഗര ത്തിനും എഴുപതു ആഴ്ചവട്ടം നിയമി ച്ചിരിക്കുന്നു'*** (ദാനി. 9:24).

യേശു ഈ സംഭവത്തെപ്പറ്റി ലൂക്കൊസ് 19: 41–44, 21:21–24 എന്നീ വേദഭാഗങ്ങളിൽ ***പ്രവചിച്ചിട്ടുണ്ട്: 'നിന്റെ സന്ദർശന കാലം നീ അറിയാഞ്ഞതുകൊണ്ടു നിന്റെ ശത്രുക്കൾ നിനക്കു ചുറ്റും വാടകോരി നിന്നെ വളഞ്ഞു നാലുപുറത്തും ഞെരുക്കി... ദേശത്തു വലിയ ഞെരുക്കവും ഈ ജനത്തിന്മേൽ ക്രോധവും ഉണ്ടാകും. അവർ വാളിന്റെ വായ്ത്തലയാൽ വീഴുകയും അവരെ സകല ജാതികളിലേക്കും ബദ്ധരായി കൊണ്ടു പോകയും ജാതികളുടെ കാലം തികയുവോളം ജാതികൾ യെരൂശലേം ചവിട്ടിക്കളകയും ചെയ്യും.'***

### എഴുപതാമത്തെ ആഴ്ചവട്ടം.

ദാനിയേൽ പ്രവചനത്തിലെ അറുപത്തിയൊമ്പതാമത്തെ ആഴ്ചവട്ടത്തിന്റെ അവസാനത്തിലേക്ക് ഇത് നമ്മെ കൊണ്ടുപോകുന്നു. അത് തമ്മിൽ ഒരു ചോദ്യം അവശേഷിപ്പിക്കുന്നു, ഏഴു വർഷ കാലയളവായ എഴുപതാമത്തെ ആഴ്ചവട്ടം നമ്മെ എങ്ങനെ ബാധിക്കും? ഈ പ്രവചനത്തിന്റെ ഒരു ഭാവി വ്യാഖ്യാനം എന്താണെന്ന് വച്ചാൽ, അറുപത്തിയൊമ്പതാമത്തെ ആഴ്ചവട്ടത്തിനും എഴുപതാമത്തെ ആഴ്ചവട്ടത്തിനും ഇടയിൽ ഒരു ഇടവേളയുണ്ട്. ഈ ഇടവേള, പെന്തക്കോസ്ത് നാളിൽ, സഭയുടെ ജനനത്തോടെ ആരംഭിക്കുന്നു (അപ്പൊ. 2), സഭയുടെ ഉത്പ്രാപണത്തോടെ അത് അവസാനിക്കുന്നു (1 തെസ്സ. 4: 13–17). 'നിന്റെ ജനത്തോടുള്ള' (യെഹൂദ ജനത), നിന്റെ വിശുദ്ധ നഗരത്തോടുള്ള (യെരൂശലേം) ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ മാത്രം ദാനിയേലിനോടുള്ള ഗബ്രിയേലിന്റെ സന്ദേശം കൈകാര്യം ചെയ്യുന്നു. അത് സഭായുഗത്തെപ്പറ്റി സംസാരിക്കുന്നില്ല. സഭയുടെ ഉത്പ്രാപണത്തിനുശേഷം, ദൈവം വീണ്ടും യിസ്രയേലിനോടും യെഹൂദ ജനതയോടും നേരിട്ട് ഇടപെടുന്നു. അവസാനമായി യേശുക്രിസ്തു തന്റെ ജനത്തിന് വെളിപ്പെടുകയും ചെയ്യും (സെഖ. 12–14).

അതിന്റെ അർത്ഥം, ഈ പ്രവചനത്തിന്റെ പൂർത്തീകരണത്തിൽ, താഴെ കൊടുത്തിരിക്കുന്ന സംഭവ പരമ്പര നടന്നിരിക്കും അല്ലെങ്കിൽ സംഭവിക്കും.

- വാക്യം 25. ബാബിലോൻ പ്രവാസത്തിനു ശേഷം യെരൂശലേമിൽ യെഹൂദരെ പുനഃസ്ഥാപിക്കുന്നു, യെരൂശലേം നഗരവും രണ്ടാമത്തെ മന്ദിരവും പുനർനിർമ്മിക്കുന്നു (ബിസി 483–444) .

- വാക്യം 25–26. രണ്ടാമത്തെ മന്ദിരത്തിന്റെ കാലത്ത് യേശു മശിഹായുടെ വരവ്. ദൈവത്തിന്റെ ഉദ്ദേശ്യ പ്രകാരം അവിടുന്ന് തിരസ്കരിക്കപ്പെടുകയും മരണത്തിന് ഏൽപ്പിക്കപ്പെടുകയും ചെയ്തു. ക്രിസ്തു നമ്മെ നമ്മുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കും. താൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയും സ്വർഗ്ഗത്തിലേക്ക് കയറിപ്പോവുകയും ചെയ്യും. സുവിശേഷം അറിയിപ്പാൻ സത്യസഭയെ സജ്ജമാക്കാൻ അവിടെനിന്ന് അവൻ പരിശുദ്ധാത്മാവിനെ അയയ്ക്കും അത് ഏതാണ്ട് ഏഡി 29–32 കാലയളവിൽ സംഭവിച്ചു.

- വാക്യം 26. വരുവാനുള്ള പ്രഭുവിന്റെ (റോമാക്കാർ) ജനതയുടെ കൈയാൽ രണ്ടാമത്തെ മന്ദിരത്തിന് ഭവിച്ച നാശം. ഇത് യെരൂശലേം ശൂന്യമാക്കുന്നതിലേക്കും യെഹൂദ ജനത വിവിധ രാജ്യങ്ങളിലേക്ക് ചിതറി പോകുന്നതിലേക്കും നയിച്ചു. അത് എഡി 70–ൽ സംഭവിച്ചു.

- 26–നും 27–നും ഇടയിലുള്ള ഇടവേള. യേശുക്രിസ്തുവിന്റെ മരണത്തിനും ഉയിർപ്പിനും ശേഷം സത്യസഭയിലൂടെ സുവിശേഷം ലോകത്തെങ്ങും പരന്നു. ദാനിയേൽ 9–ലെ പ്രവചനത്തിൽ അതിനെ ഉൾപ്പെടുത്തിയിട്ടില്ല. അത്

യിസ്രായേലുമായും യെരൂശലേമുമായി മാത്രം ബന്ധപ്പെട്ട പ്രവചനമാണ്. എന്നാൽ, അത് പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദാനി.9:25–26 വരെ മുൻകൂട്ടി പറയുന്ന മശിഹായുടെ പൂർണ്ണമായ ജീവിത കഥ പുതിയ നിയമം നൽകുന്നു. അത് ഏകദേശം 30–33 എഡിയിൽ ആരംഭിച്ചു, ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

• വാക്യം 26 – നും 27 –നും ഇടയിലുള്ള ഇടവേള ഭാഗം 2. യെഹൂദ ജനത വിവിധ രാജ്യങ്ങളിൽ ചിതറപ്പെടണം. വിവിധ ജാതീയ ശക്തികൾ യെരൂശലേം ഭരിക്കണം. അന്ത്യകാലത്ത്, യുദ്ധത്തിന്റെയും സംഘർഷത്തിന്റെയും സമയത്ത് യിസ്രയേലിന്റെ പുനഃസ്ഥാപനം നടക്കും. ഈ സംഭവങ്ങൾ മശിഹായുടെ മടങ്ങി വരവിലേക്ക് നയിക്കും. ഏഡി 70 മുതൽ ഏഡി 135 വരെ നടന്ന സംഭവങ്ങൾക്ക് ശേഷം അത് ആരംഭിച്ചു. ജാതികളുടെ ഇടയിലെ അവരുടെ ചിതറിപ്പോക്ക് വർഷങ്ങളായി തുടർന്നു. 1948–ൽ യെഹൂദ രാജ്യം പിറന്നതിലൂടെ യിസ്രയേലിന്റെ പുനഃസ്ഥാപനത്തിലേക്കും, 1967– ൽ, യെരൂശലേം പൂർണ്ണമായും യെഹൂദ നിയന്ത്രണത്തിന് കീഴിലാവുന്നതിലേക്കും അതു നയിച്ചു.

• എഴുപതാമത്തെ ആഴ്ചവട്ടം യിസ്രയേലും 'പലരും' ഉൾപ്പെടുന്ന ഏഴ് വർഷത്തേക്കുള്ള ഒരു ഉടമ്പടിയോടെ ആരംഭിക്കും. ഈ ഭാവി സംഭവം ഇതുവരെ നടന്നിട്ടില്ല. എന്നാൽ, ലോകമിന്ന് അതിലേക്കുള്ള പാതയിലാണ്.

• ഇത് ഏഴുവർഷക്കാലത്തെ മഹോപദ്രവകാലത്തിന്റെ ആരംഭം കുറിക്കുന്നു. മശിഹായുടെ മടങ്ങിവരവിനു മുൻപുള്ള അവസാനകാലയളവാണിത്. അപ്പോൾ 'വരുവാനുള്ള പ്രഭു' (എതിർ ക്രിസ്തു) ഒരു സമാധാന ഉടമ്പടിക്ക് മധ്യസ്ഥത വഹിക്കും. ഈ സമയക്രമത്തിന്റെ മധ്യഭാഗത്തുവച്ച് (മൂന്നര വർഷത്തിനുശേഷം) എതിർ ക്രിസ്തു ഈ ഉടമ്പടി ലംഘിക്കും. വിശുദ്ധ മന്ദിരത്തിൽ ശൂന്യമായ മ്ലേച്ഛത അവൻ സ്ഥാപിക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത്. മഹോപദ്രവകാലത്തിന്റെ അവസാന ഘട്ടത്തിന് ഇത് തുടക്കം കുറിക്കുന്നു. അതിനുശേഷം മശിഹായുടെ മടങ്ങിവരവ് സംഭവിക്കും (മത്താ. 24: 15–31, വെളി. 6–19). അത് പൂർത്തീകരണത്തിലേക്ക് (അന്ത്യം, അന്ത്യന്യായവിധി) നയിക്കും. ശൂന്യമാക്കുന്നവന്റെ മുകളിൽ ന്യായവിധി ചൊരിയും.

• മശിഹാ വ്യക്തിപരമായി മടങ്ങിവരും. അതിനുശേഷം, എബ്രായ ബൈബിളിലെ മശിഹൈക യുഗത്തെപ്പറ്റിയുള്ള പ്രവചനങ്ങൾ അവിടുന്ന് നിവർത്തിക്കും (ദാനി. 9:24). പുനഃസ്ഥാപിക്കപ്പെട്ട യെരൂശലേമിൽനിന്ന് ആയിരം വർഷം മശിഹാ ലോകത്ത് വാഴും. ഭൂമിയിൽ അവിടുന്ന് സമാധാനവും നീതിയും കൊണ്ടുവരും (യെശ. 2: 1–4, സെഖ. 14, വെളി. 20).

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിൽ, അറബ് – യിസ്രയേലി സംഘർഷത്തിന് പരിഹാരം കൊണ്ടുവരുന്ന ഒരു ഉടമ്പടി ഒരു വലിയ സംഭവം തന്നെയാണ്. അത് സമാധാനം വാഗ്ദാനം ചെയ്യും, എന്നാൽ അത് നിവർത്തിക്കാൻ അതിന് കഴിയില്ല.

കർത്താവ് തന്റെ സഭയെ ചേർക്കാൻ വരുന്ന, സഭയുടെ ഉത്പ്രാപണം എന്നറിയപ്പെടുന്ന ഈ സംഭവത്തിനു ശേഷം അത് സംഭവിക്കും : ***'കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ***

***വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചു കൊൾവിൻ'*** (1 തെസ്സ. 4:16–18).

അതിനുശേഷം ഭൂമിയിൽ മഹോപദ്രവത്തിന്റെ കാലമായിരിക്കും. തന്റെ മടങ്ങിവരവിനു തൊട്ടുമുൻപ് ഇതു സംഭവിക്കുമെന്ന് യേശു പറഞ്ഞു: ***'ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനി മേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം അന്നു ഉണ്ടാകും. ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും... ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടു പോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തു നിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ മനുഷ്യ പുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകലഗോത്രങ്ങളും പ്രലാപിച്ചുംകൊണ്ടു, മനുഷ്യ പുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും'*** (മത്താ. 24: 21–30). ദാനി. 12: 1–3 വരെ ഇതിനെപ്പറ്റി സംസാരിച്ചിട്ടുണ്ട്: ***'ആ കാലത്തു നിന്റെ സ്വജാതിക്കാർക്കു തുണനില്ക്കുന്ന മഹാപ്രഭുവായ മീഖായേൽ എഴുന്നേല്ക്കും; ഒരു ജാതി ഉണ്ടായതുമുതൽ ഈ കാലംവരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും; അന്നു നിന്റെ ജനം, പുസ്തകത്തിൽ എഴുതിക്കാണുന്ന ഏവനും തന്നേ, രക്ഷ പ്രാപിക്കും. നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജെക്കും നിത്യനിന്ദെക്കുമായും ഉണരും. എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭ പോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും.'***

ദാനിയേലും എബ്രായ പ്രവാചകന്മാരും സൂചിപ്പിച്ച മശിഹായാണ് യേശു. ലോകത്തിന്റെ പാപത്തിന്റെ പരിഹാരത്തിനുവേണ്ടി കഷ്ടമനുഭവിച്ച് മരിക്കാൻ കൃത്യമായ സമയത്ത് അവിടുന്നു വന്നു. തന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരെയും, ജീവപുസ്തകത്തിൽ പേരെഴുതിയിരിക്കുന്ന എല്ലാവരെയും രക്ഷിക്കാൻ അവിടുന്നു വീണ്ടും വരുന്നു. യിസ്രായേലിനും പശ്ചിമേഷ്യയ്ക്കും ശാശ്വതമായ സമാധാനം നൽകാൻ കർത്താവിനു മാത്രമേ കഴിയൂ. അവിടുന്നു മടങ്ങി വരുമ്പോൾ താൻ അത് ചെയ്യുകയും യെശയ്യാവ് 2 :1–4 വരെ എഴുതിയിരിക്കുന്ന പ്രവചനം നിറവേറ്റുകയും ചെയ്യും.

***'അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവുമായിരിക്കും; സകലജാതികളും അതിലേക്കു ഒഴുകിച്ചെല്ലും. അനേകവംശങ്ങളും ചെന്നു: വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു, യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്കു കയറിച്ചെല്ലാം; അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചുതരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. സീയോനിൽ നിന്നു ഉപദേശവും യെരൂശലേമിൽനിന്നു യഹോവയുടെ വചനവും പുറപ്പെടും. അവൻ ജാതികളുടെ ഇടയിൽ ന്യായം വിധിക്കയും ബഹുവംശങ്ങൾക്കു വിധികല്പിക്കയും ചെയ്യും; അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചുതീർക്കും; ജാതി ജാതിക്കു നേരെ വാളോങ്ങുകയില്ല; അവർ ഇനി യുദ്ധം അഭ്യസിക്കയും ഇല്ല.'*** *

# വെളിപ്പാടിന്റെ അനാവരണം



***യേശുക്രിസ്തുവിന്റെ വെളിപ്പാടു: വേഗത്തിൽ സംഭവിപ്പാനുള്ളതു തന്റെ ദാസന്മാരെ കാണിക്കേണ്ടതിനു ദൈവം അതു അവനു കൊടുത്തു.***

ബൈബിളിലെ അവസാനത്തെ പുസ്തകമായ വെളിപ്പാട് ഇങ്ങനെയാണ് ആരംഭിക്കുന്നത്. ഈ പുസ്തകത്തെ പ്പറ്റിയുള്ള രണ്ടു സുപ്രധാന വസ്തുതകൾ ഈ വാക്യം നമ്മോടു പറയുന്നു. ആദ്യത്തേത്, അത് യേശു ക്രിസ്തുവിന്റെ വെളിപ്പാടാണ് (യവന പദം apocalypse). ഈ വാക്കിന്റെ യഥാർത്ഥ അർത്ഥം യേശു ക്രിസ്തുവിനെ വെളിപ്പെടുത്തുക അല്ലെങ്കിൽ അനാവരണം ചെയ്യുക എന്നാണ്. അത് സ്വർഗ്ഗത്തിലെ തന്റെ മഹത്ത്വീകരിക്കപ്പെട്ട അവസ്ഥ കാണിക്കുന്നു. കർത്താവിന്റെ മടങ്ങിവരവിന് മുൻപ് സംഭവിക്കേണ്ട കാര്യങ്ങളും അത് നമ്മോട് വെളിപ്പെടുത്തുന്നു.

വെളിപ്പാട് 1 :19-20 വരെ കർത്താവ് യോഹന്നാന് നിർദ്ദേശം നൽകുന്നു:

***നീ കണ്ടതും ഇപ്പോൾ ഉള്ളതും ഇനി സംഭവിപ്പാനിരിക്കുന്നതും....എഴുതുക.***

ഇത് ഈ പുസ്തകത്തിന്റെ മൂന്നു ഭാഗങ്ങളെപ്പറ്റി പറയുന്നു:

**നീ കണ്ടതു**. വെളിപ്പാട് ഒന്നാം അധ്യായത്തിൽ, സ്വർഗ്ഗത്തിൽ മഹത്ത്വീകരിക്കപ്പെട്ട കർത്താവായ യേശുവിന്റെ ദർശനം യോഹന്നാന് നൽകുന്നു. അവിടുന്ന് ഇനി ലോകത്തിന്റെ പാപ പരിഹാരത്തിനുവേണ്ടി തന്റെ ജീവൻ യാഗമായി നൽകുന്ന വ്യസനപാത്രമല്ല. താൻ ഇപ്പോൾ മഹത്ത്വത്തിൽ ഉയിർത്തെഴുന്നേറ്റ കർത്താവാണ്. അവൻ 'മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ടു.' അവൻ 'ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു' (അതുകൊണ്ട് ദൈവത്തോട് തുല്യനാണ്).

**ഇപ്പോൾ ഉള്ളതു.** ഏഷ്യാ മൈനറിലുള്ള (ഇന്നത്തെ പടിഞ്ഞാറൻ തുർക്കി) ഏഴ് സഭകൾക്ക് കർത്താവ് നൽകുന്ന സന്ദേശമാണ് വെളിപ്പാട് 2, 3 എന്നീ അധ്യായങ്ങളിലുള്ളത്. എഫസൊസ് നഗരത്തിന് ചുറ്റും യഥാർത്ഥത്തിൽ ഉണ്ടായിരുന്ന സഭകളാണ് ഇവ. യോഹന്നാൻ അപ്പൊസ്തലൻ എഫസൊസ് നഗരത്തിൽ ഒരു ഇടയനായും ബിഷപ്പായും അധ്വാനിച്ചു. അനുമോദനത്തിന്റെയും ശാസനയുടെയും സന്ദേശങ്ങൾ അതിലുണ്ട്. ഓരോ സഭകളുടെയും ആത്മിക നിലവാരത്തെപ്പറ്റിയുള്ള ഉൾക്കാഴ്ച ഈ സന്ദേശങ്ങൾ നൽകുന്നു. ആദിമ സഭ മുതൽ ഇന്നത്തെ കാലം വരെയുള്ള ക്രിസ്തീയ യുഗത്തിലെ വിവിധ സഭകളുടെ അവസ്ഥയും അതു വെളിപ്പെടുത്തുന്നു.

**ഇനി സംഭവിപ്പാനിരിക്കുന്നതു.** നമ്മുടെ പ്രമേയവുമായി ബന്ധപ്പെട്ട ഏറ്റവും പ്രസക്തമായ വിഷയമാണിത്. അത് നാം വിശദമായി പരിശോധിക്കും. അധ്യായം 4:1-ൽ യോഹന്നാനോട് പറഞ്ഞ വാക്കുകളിൽ അത് ആരംഭിക്കുന്നു: ***അനന്തരം സ്വർഗ്ഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നതു ഞാൻ കണ്ടു; കാഹളനാദംപോലെ എന്നോടു സംസാരിച്ചു കേട്ട ആദ്യത്തെ ശബ്ദം എന്നോടു: ഇവിടെ കയറിവരിക; മേലാൽ സംഭവിപ്പാനുള്ളതു ഞാൻ നിനക്കു കാണിച്ചുതരാം എന്നു കല്പിച്ചു.***

## ഇതിനുശേഷം എന്തു സംഭവിക്കും?

ലവൊദിക്ക്യയിലെ സഭയോടുള്ള ദൂതോടുകൂടി മൂന്നാം അധ്യായം അവസാനിക്കുന്നു. അതിനുശേഷം, അമാനുഷികമായ രീതിയിൽ തുറന്ന ഒരു വാതിലിലൂടെ യോഹന്നാനെ സ്വർഗ്ഗത്തിലേക്ക് എടുക്കുന്നു. 'ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വ ശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്ന് ദൂതന്മാർ വാഴ്ത്തുന്ന, സർവ്വവും സൃഷ്ടിച്ചവനും എല്ലാം തനിക്കുവേണ്ടി സൃഷ്ടിച്ചവനുമായ ദൈവത്തിന്റെ മഹിമ അവൻ അവിടെ കണ്ടു. അതിനുശേഷം അവൻ ആർക്കും തുറക്കാൻ കഴിയാത്ത ഒരു പുസ്തകം കണ്ടു. ഒടുവിൽ 'യെഹൂദാ ഗോത്രത്തിലെ സിംഹവും' 'അറുക്കപ്പെട്ട കുഞ്ഞാടുമായവൻ' അവിടെ പ്രത്യക്ഷമായി. ഈ രണ്ട് പേരുകളും യേശു മശിഹായുടെ മനുഷ്യത്വത്തെ യെഹൂദ ഗോത്രവുമായി ബന്ധിപ്പിക്കുന്നു (മത്താ. 1 കാണുക). കൂടാതെ, അവൻ 'ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്' (യോഹ. 1:29) ആണ്. പുസ്തകത്തിന്റെ മുദ്ര പൊട്ടിക്കാൻ അവൻ യോഗ്യനാണ്: ***'പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും നീ യോഗ്യൻ; നീ അറുക്കപ്പെട്ടു നിന്റെ രക്തം കൊണ്ടു സർവ്വ ഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലെക്കു വാങ്ങി; ഞങ്ങളുടെ ദൈവത്തിനു അവരെ രാജ്യവും പുരോഹിതന്മാരും ആക്കിവെച്ചു; അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയ പാട്ടു അവർ പാടുന്നു'*** (വെളി. 5:9–10).

അതിനുശേഷം രംഗം ഭൂമിയിലേക്ക് മാറുന്നു. മുദ്ര പൊട്ടിക്കുമ്പോൾ എന്ത് സംഭവിക്കുമെന്നും നാല് കുതിരകളിന്മേൽ ഇരിക്കുന്നവരെപ്പറ്റിയുള്ള ഖണ്ഡികയിൽ ആരംഭിക്കുന്ന ഭൂമിയിലെ അവസാനത്തെ കഷ്ടത്തിന്റെ സമയത്തെപ്പറ്റിയും അവിടെ യോഹന്നാന് വെളിപ്പാട് ലഭിക്കുന്നു. അതുകൊണ്ട് ഇതിനുശേഷമുള്ള ഏഴുവർഷ മഹോപദ്രവ കാലത്ത് എന്ത് സംഭവിക്കുമെന്ന് മത്തായി 24-ലെ യേശുവിന്റെ വാക്കുകൾ സൂചിപ്പിക്കുന്നു.

***'കുഞ്ഞാടു മുദ്രകളിൽ ഒന്നു പൊട്ടിച്ചപ്പോൾ: നീ വരിക എന്നു നാലു ജീവികളിൽ ഒന്നു ഇടി മുഴക്കം പോലെ പറയുന്നതു ഞാൻ കേട്ടു. അപ്പോൾ ഞാൻ ഒരു വെള്ളക്കുതിരയെ കണ്ടു; അതിന്മേൽ ഇരിക്കുന്നവന്റെ കയ്യിൽ ഒരു വില്ലുണ്ടു; അവനു ഒരു കിരീടവും ലഭിച്ചു; അവൻ ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടു. അവൻ രണ്ടാം മുദ്ര പൊട്ടിച്ചപ്പോൾ: വരിക എന്നു രണ്ടാം ജീവി പറയുന്നതു ഞാൻ കേട്ടു. അപ്പോൾ ചുവന്നതായ മറ്റൊരു കുതിര പുറപ്പെട്ടു; അതിന്റെ പുറത്തു ഇരിക്കുന്നവനു മനുഷ്യർ അന്യോന്യം കൊല്ലുവാൻ തക്കവണ്ണം ഭൂമിയിൽ നിന്നു സമാധാനം എടുത്തുകളയേണ്ടതിനു അധികാരം ലഭിച്ചു; ഒരു വലിയ വാളും അവനു കിട്ടി. മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ: വരിക എന്നു മൂന്നാം ജീവി പറയുന്നതു ഞാൻ കേട്ടു. അപ്പോൾ ഞാൻ ഒരു കറുത്ത കുതിരയെ കണ്ടു; അതിന്മേൽ ഇരിക്കുന്നവൻ ഒരു തുലാസു കയ്യിൽ പിടിച്ചിരുന്നു. ഒരു പണത്തിനു ഒരിടങ്ങഴി കോതമ്പു; ഒരു പണത്തിനു മൂന്നിടങ്ങഴി യവം; എന്നാൽ എണ്ണെക്കും വീഞ്ഞിനും കേടു വരുത്തരുതു എന്നു നാലു ജീവികളുടെയും നടുവിൽ നിന്നു ഒരു ശബ്ദം ഞാൻ കേട്ടു. നാലാം മുദ്ര പൊട്ടിച്ചപ്പോൾ: വരിക എന്നു നാലാം ജീവി പറയുന്നതു ഞാൻ കേട്ടു. അപ്പോൾ ഞാൻ മഞ്ഞ നിറമുള്ളോരു കുതിരയെ കണ്ടു; അതിന്മേൽ ഇരിക്കുന്നവനു മരണം എന്നു പേർ; പാതാളം അവനെ***

***പിന്തുടർന്നു; അവർക്കു വാളുകൊണ്ടും ക്ഷാമംകൊണ്ടും മഹാ വ്യാധി കൊണ്ടും ഭൂമിയിലെ കാട്ടുമൃഗങ്ങളെക്കൊണ്ടും കൊന്നുകളവാൻ ഭൂമിയുടെ കാലംശത്തിന്മേൽ അധികാരം ലഭിച്ചു.***

വെളിപ്പാടിലെ ഈ ഭാഗം ആരംഭിക്കുന്നത് ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടു വെള്ളക്കുതിരമേൽ ഇരിക്കുന്നവനെപ്പറ്റി സൂചിപ്പിച്ചുകൊണ്ടാണ്? (വെളി. 6:2) ആരാണവൻ?

ഒരു വീക്ഷണം, സുവിശേഷവുമായി യേശു ലോകം കീഴടക്കാൻ പോകുന്നുവെന്നാണ്. എന്നാൽ ഈ വീക്ഷണത്തിന് അതിന്റേതായ പ്രശ്നങ്ങളുണ്ട്. ആദ്യമായി യേശു സ്വർഗ്ഗത്തിലാണ്, അതുകൊണ്ട് അതേസമയത്ത്, ഭൂമിയിൽ യേശുവിന് എങ്ങനെ വെളിപ്പെടാൻ കഴിയും? രണ്ടാമതായി, ഈ കുതിരക്കാരന്റെ പിന്നാലെ വരുന്നത് യുദ്ധവും ക്ഷാമവും കൂട്ടമരണവുമാണ്. സുവിശേഷം പ്രസംഗിക്കുന്നതിന്റെ ഫലം ഇതൊന്നുമല്ല. മൂന്നാമത്, അവന്റെ കയ്യിൽ ഒരു വില്ലുണ്ട്, എന്നാൽ അമ്പില്ല. അവനു ലഭിച്ച കിരീടം, അധ്യായം 19-ൽ സൂചിപ്പിച്ചിരിക്കുന്ന മടങ്ങിവരവിൽ കർത്താവായ യേശുക്രിസ്തു ധരിക്കുന്ന കിരീടം അല്ല. വെളിപ്പാട് 19-ൽ സൂചിപ്പിച്ചിരിക്കുന്ന അനേകം രാജമുടികളിൽ നിന്ന് ഇത് വ്യത്യസ്തമാണ്. വെളിപ്പാട് 6 - ൽ കിരീടത്തിന് ഉപയോഗിച്ചിരിക്കുന്ന വാക്ക് 'stephanos' എന്നാണ്. കായിക വിനോദങ്ങളിൽ വിജയിക്കുന്നവർക്ക് നൽകുന്ന കിരീടത്തെ അല്ലെങ്കിൽ പൂമാലയെയാണ് അത് സൂചിപ്പിക്കുന്നത്. അത് രാജമുടി അല്ല. ഈ രീതിയിലുള്ള കിരീടം ഭൂമിയിൽ തന്റെ നേട്ടത്തിനാണ് നൽകുന്നത്. രാജാവ് എന്ന നിലയിൽ അവിടുത്തെ സ്ഥാനത്തിനല്ല അത് നൽകുന്നത്.

അതുകൊണ്ട് സമാന്തര വീക്ഷണം എന്താണെന്ന് വച്ചാൽ, എതിർ ക്രിസ്തു മഹോപദ്രവകാലത്തിന്റെ തുടക്കത്തിൽ വ്യാജ സമാധാനവുമായി പോകുന്നു. വലിയ പ്രതിസന്ധിയിലെ രക്ഷകനായി ഭൂമിയിൽ അവനെ കാണുന്നു. ഒരു വ്യാജ രക്ഷകനായതുകൊണ്ട്, സമാധാനത്തിനുപകരം, അവൻ ഒരു ചുവന്ന കുതിരപ്പുറത്തു വരുന്നു. (യുദ്ധം) അത് ഭൂമിയിൽ നിന്ന് സമാധാനത്തെ ഇല്ലാതാക്കും, കറുത്ത കുതിരയും (ക്ഷാമം), മഞ്ഞക്കുതിരയും, അത് ഭൂമിയിലെ നാലിലൊന്ന് ജനസംഖ്യയെ കൊന്നൊടുക്കും, ഇവയെല്ലാമാണ് സംഭവിക്കാനിരിക്കുന്നത്.

മഹോപദ്രവ കാലത്ത് തങ്ങളുടെ ജീവൻ കർത്താവിന് വേണ്ടി നൽകിയ രക്തസാക്ഷികളെപ്പറ്റി അഞ്ചാമത്തെ മുദ്ര പറയുന്നു (6:9–11). ആറാമത്തെ മുദ്ര, ഭൂമിയിലേക്കുള്ള കർത്താവിന്റെ രണ്ടാമത്തെ വരവുമായി ബന്ധപ്പെട്ട അവസാനത്തെ സംഭവങ്ങളെപ്പറ്റി പറയുന്നു. സൂര്യൻ കരിമ്പടംപോലെ കറുത്തു; ചന്ദ്രൻ മുഴുവനും രക്തതുല്യമായി ത്തീർന്നു. ഭൂമിയിലെ രാജാക്കന്മാരും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ടു മലകളോടും പാറകളോടും പറയും ***'ഞങ്ങളുടെ മേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാട്ടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ. അവരുടെ മഹാകോപ ദിവസം വന്നു; ആർക്കു നില്പാൻ കഴിയും'***

തുടർന്നുള്ള അധ്യായങ്ങൾ മഹോപദ്രവത്തെപ്പറ്റി പറയുന്നു. ഇതിനുശേഷം എന്തു സംഭവിക്കുമെന്ന് അത് വിശദമായി പറയുന്നു. ഈ അധ്യായങ്ങൾ കാലക്രമത്തിലല്ല പോകുന്നത്. ഏഴാം അധ്യായം 'അതിന്റെശേഷം' എന്നു പറഞ്ഞിട്ട് മഹോപദ്രവത്തിന്റെ തുടക്കത്തിലുള്ള സംഭവങ്ങളിലേക്ക് തിരികെ പോകുന്നു.

യിസ്രായേൽ ഗോത്രങ്ങളിൽ നിന്ന് രക്ഷിക്കപ്പെട്ട 1,44,000 പേരെ മുദ്രയിടുന്നതിനെപ്പറ്റി ഇത് വിവരിക്കുന്നു. ഇക്കൂട്ടർ മഹോപദ്രവകാലത്ത് സുവിശേഷം പ്രസംഗിക്കും. ഈ വലിയ കൂട്ടം ജനം 'മഹാകഷ്ടത്തിൽനിന്നു വന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു' (7:7–14). അവസാനത്തെ ഏഴു വർഷക്കാലയളവിൽ യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച മഹോപദ്രവ വിശുദ്ധന്മാരാണ് ഇവർ.

അധ്യായങ്ങൾ 8–11 വരെ ഏഴു കാഹളങ്ങളെപ്പറ്റിയും അതിന്റെ ഫലമായി ഭൂമിയിൽ വരുന്ന ന്യായവിധികളെപ്പറ്റിയും പറയുന്നു. പരിസ്ഥിതി ദുരന്തങ്ങളും വൃക്ഷങ്ങളും പച്ചപ്പുല്ലും വെന്തുപോകുന്നതും വലിയ പർവ്വതം സമുദ്രത്തിൽ വീഴുന്നതും (ഛിന്ന ഗ്രഹം) ഇതിൽ ഉൾപ്പെടുന്നു. നദികളും നീരുറവകളും മലിനമായി. വെള്ളം പാനയോഗ്യമല്ലാതായി. അന്തരീക്ഷത്തിലെ എന്തോ ബാധമൂലം സൂര്യൻ ഇരുണ്ടുപോയി (8: 6–12).

ഈ ഭാഗം വീണ്ടും ഈ കാലയളവിലെ അവസാനത്തെ സംഭവമായ കർത്താവായ യേശുവിന്റെ മടങ്ങിവരവോടെ അവസാനിക്കുന്നു. അപ്പോൾ, 'ലോകരാജത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും എന്നു സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം ഉണ്ടായി.' അധ്യായം 12, പിന്നിലേക്ക് പോയി യിസ്രായേലിനോടുള്ള ആ സമയത്തെ ദൈവീക ഇടപെടലുകളെപ്പറ്റി പറയുന്നു. അധ്യായങ്ങൾ 13–14, പിശാചിന്റെയും മൃഗത്തിന്റെയും കള്ളപ്രവാചകന്റെയും സാത്താന്യ ത്രിത്വത്തെപ്പറ്റി പ്രതിപാദിക്കുന്നു. അവർ ലോകത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുകയും മഹോപദ്രവ വിശുദ്ധന്മാരെ പീഡിപ്പിക്കുകയും എഴുവർഷക്കാല മഹോപദ്രവത്തിന്റെ മധ്യത്തിൽ മൃഗത്തിന്റെ അടയാളം കൊണ്ടുവരികയും ചെയ്യും. അതില്ലാതെ ജനങ്ങൾക്ക് വിൽക്കാനും വാങ്ങാനും കഴിയില്ല.

അധ്യായങ്ങൾ 15–16, ക്രോധ കലശങ്ങളെപ്പറ്റി പറയുന്നു. ന്യായവിധിയുടെ ഈ മൂന്നാമത്തെ ക്രമം ഏറ്റവും കഠിനമായിരിക്കും. അത് അന്ത്യയുദ്ധമായ ഹർമ്മഗെദ്ദോനിലേക്ക് നയിക്കും. അധ്യായങ്ങൾ 17–18, സാത്താന്യ ലോക സംവിധാനമായ ബാബിലോനിന്റെ സ്വഭാവത്തെപ്പറ്റി കൂടുതൽ വെളിപ്പാട് നൽകുന്നു. ഈ സംവിധാനത്തിൽ മതത്തിന്റെയും വാണിജ്യത്തിന്റെയും രീതി പരസ്പരബന്ധിതമാണ്. ബാബിലോനിന്റെ വീഴ്ചയോടെ അത് അവസാനിക്കുന്നു. സാത്താന്റെ നിയന്ത്രണമുള്ള ലോക സംവിധാനത്തിന്റെ അവസാന തകർച്ചയാണത്.

ഒന്നിനു ശേഷം ഒന്ന് സംഭവിക്കുന്ന ക്രമത്തിൽ ഈ സംഭവങ്ങളെ നിങ്ങൾ വ്യാഖ്യാനിച്ചാൽ അത് അർത്ഥശൂന്യമാണ്. എന്നാൽ, മുദ്രകളുടെ ന്യായവിധിയും കാഹളങ്ങളുടെ ന്യായവിധിയും ക്രോധകലശവും സമാന്തരമായിട്ടാണ് നടക്കുന്നതെന്ന് നിങ്ങൾ കണ്ടാൽ അതിന് അർത്ഥമുണ്ടാകും. അവയുടെ ഇടയ്ക്കുള്ള അധ്യായങ്ങൾ നന്മയ്ക്കും തിന്മയ്ക്കും ഇടയിലുള്ള ആത്മീയ സംഘർഷത്തെപ്പറ്റി വ്യത്യസ്തമായ ഉൾക്കാഴ്ച്ചകൾ നൽകുന്നു.

അധ്യായം 19 യേശു ക്രിസ്തു സ്വർഗ്ഗീയ സൈന്യവുമായി (ദൂതന്മാരും യേശുവിൽ ഉയർത്തെഴുന്നേറ്റ വിശുദ്ധന്മാരും ഭൂമിയിലേക്ക് രണ്ടാമത് വരുന്നതിനെപ്പറ്റി പറയുന്നു. സുപ്രധാനമായി, വെള്ളക്കുതിരയുടെ പുറത്ത് ഇരുന്നുകൊണ്ട് കിരീടം ധരിച്ച കർത്താവ് വരുന്നു, എന്നാൽ ആറാം അധ്യായത്തിൽ വെള്ളക്കുതിരയുടെ പുറത്തിരിക്കുന്നവൻ ധരിച്ചിരിക്കുന്ന

കിരീടത്തിൽ നിന്ന് ഇത് വ്യത്യസ്തമാണ്. ഇത് ഉയരത്തിൽ നിന്ന് അവിടുത്തേക്ക് നൽകിയ രാജമുടിയാണ്. കാരണം, ദൈവത്തിൽ നിന്ന് കർത്താവിനാണ് ആത്യന്തികമായ ശക്തിയും അധികാരവുമുള്ളത്. അവസാന യുദ്ധത്തിൽ (ഹർമ്മഗെദ്ദോൻ) അവിടുന്ന് സർവ്വശക്തിയോടെ രാജാധിരാജാവും കർത്താധി കർത്താവുമായി ഭൂമിയിലേക്ക് വരുന്നു. ഈ സംഭവം പിശാചിന്റെ ഭരണത്തിന് അന്ത്യം വരുത്തും. കാരണം, മൃഗത്തെയും കള്ള പ്രവാചകനെയും തീപ്പൊയ്കയിൽ തള്ളിയിടും. ജാതികളെ വഞ്ചിക്കാതിരിപ്പാൻ സാത്താനെ അഗാധത്തിൽ തള്ളിയിട്ടു അടെച്ചു പൂട്ടും (വെളി. 19:19–20:1–3). മഹോപദ്രവത്തിന്റെ അന്ത്യത്തിൽ ഭൂമിയിൽ അവശേഷിക്കുന്നവരെ യേശു ചെമ്മരിയാട്, കോലാട് എന്നിങ്ങനെ ന്യായവിധി നടത്തും (മത്താ. 25: 31–46). ചെമ്മരിയാടുകളെയും (നീതീകരിക്കപ്പെട്ടവർ) കോലാടുകളെയും (നീതീകരിക്കപ്പെടാത്തവർ) തമ്മിൽ വേർതിരിക്കും. ചെമ്മരിയാടുകളെ രാജ്യത്തിലേക്ക് സ്വാഗതം ചെയ്യും. കോലാടുകളെ തള്ളിക്കളയും.

അതിനുശേഷം യേശു രാജാധിരാജാവും കർത്താധികർത്താവുമായി 1000 വർഷം ഭൂമിയിൽ വാഴും (വെളി. 20). എബ്രായ പ്രവാചകന്മാരുടെ പുസ്തകങ്ങളിലെ ഒരു കൂട്ടം വേദഭാഗങ്ങൾ വരാൻ പോകുന്ന മശിഹൈക രാജ്യത്തെപ്പറ്റി സൂചന നൽകുന്നു (യെശ. 2: 1–4, യെശ. 11–12, യെഹെ. 40–48, സെഖ. 14, കൂടാതെ മറ്റു പല വേദഭാഗങ്ങളും). ഈ കാലത്തിന്റെ അന്ത്യത്തിൽ, കർത്താവിനെതിരെയുള്ള അന്തിമ പോരാട്ടത്തിനായി പിശാചിനെ കെട്ടഴിച്ചുവിടും. അതിൽ അവൻ പൂർണ്ണമായും പരാജയപ്പെടുകയും അവനെയും ജീവന്റെ പുസ്തകത്തിൽ പേരില്ലാത്ത എല്ലാവരെയും തീപ്പൊയ്കയിൽ തള്ളിയിടുകയും ചെയ്യും (വെളി. 20:9–15). അതിനുശേഷം, ദൈവത്താൽ ഇപ്പോഴത്തെ ഭൂമിയും പ്രപഞ്ചവും ഒഴിഞ്ഞുപോകും. വീണ്ടെടുക്കപ്പെട്ട ജനത്തിന് നിത്യമായി വസിക്കാൻ അവിടുന്ന് പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കും (വെളി. 21–22).

## എന്തുകൊണ്ട് 'അനന്തരം'?

വെളിപ്പാട് പുസ്തകത്തിലെ സംഭവങ്ങളെ ഹ്രസ്വമായി അവലോകനം ചെയ്യുമ്പോൾ ഒരു ചോദ്യം അവശേഷിക്കുന്നു. കർത്താവ്, താൻ വെളിപ്പെടുത്താനിരിക്കുന്ന പുസ്തകത്തിന്റെ ഘടന യോഹന്നാന് നൽകിയപ്പോൾ അതിൽ ഉപയോഗിച്ചിരിക്കുന്ന 'ഇനി' എന്ന പ്രയോഗത്തിന്റെ അർത്ഥം എന്താണ്? ***'നീ കണ്ടതും ഇപ്പോൾ ഉള്ളതും ഇനി സംഭവിപ്പാനിരിക്കുന്നതും എന്റെ വലങ്കയ്യിൽ കണ്ട ഏഴു നക്ഷത്രത്തിന്റെ മർമ്മവും ഏഴു പൊൻനിലവിളക്കിന്റെ വിവരവും എഴുതുക'*** (വെളി. 1 :19).

ഒരു വ്യാഖ്യാനം പറയുന്നത്, യോഹന്നാന്റെ മരണത്തിനും വെളിപ്പാട് പുസ്തകം എഴുതി പൂർത്തീകരിച്ചതിനും ശേഷം ഈ സംഭവങ്ങൾ നടക്കുമെന്ന് ലളിതമായി പറയുന്നു. ഈ വീക്ഷണം അനുസരിച്ച്, ഈ യുഗത്തിൽ നന്മയ്ക്കും തിന്മയ്ക്കും ഇടയിലുള്ള പോരാട്ടത്തെ അധ്യായം 6 മുതൽ 19 വരെ പ്രതീകാത്മകമായി വിവരിച്ചിരിക്കുന്നു. പ്രൊട്ടസ്റ്റന്റ് നവീകരണക്കാർ മൃഗത്തെ അല്ലെങ്കിൽ എതിർ ക്രിസ്തുവിനെ (അദ്ധ്യായം 13) പോപ്പുമായും മഹതിയാം ബാബിലോനിനെ (വെളി. 17) റോമൻ കത്തോലിക്ക സഭയുമായും ബന്ധപ്പെടുത്തുന്നു. ഈ വീക്ഷണത്തെ ചരിത്രപരമായ വീക്ഷണം എന്ന് അവർ പരാമർശിക്കുന്നു.

മഹോപദ്രവ കാലത്തിനുശേഷം അവിടുന്ന് ഭൂമിയിലേക്ക് മടങ്ങിവരും : ***'ആ കാലത്തിലെ കഷ്ടം കഴിഞ്ഞ***

***ഉടനെ സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ മനുഷ്യ പുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചുംകൊണ്ടു, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെവരുന്നതു കാണും.'***

ഇതെല്ലാം വെളിപ്പെടുത്തുന്ന സംഭവത്തിലേക്ക് നാം തിരികെ പോകുന്നു: ***'അനന്തരം സ്വർഗ്ഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നതു ഞാൻ കണ്ടു; കാഹളനാദംപോലെ എന്നോടു സംസാരിച്ചു കേട്ട ആദ്യത്തെ ശബ്ദം എന്നോടു: ഇവിടെ കയറിവരിക; മേലാൽ സംഭവിപ്പാനുള്ളതു ഞാൻ നിനക്കു കാണിച്ചുതരാം എന്നു കല്പിച്ചു.'***

സ്വർഗ്ഗത്തിൽ നിന്ന് തുറന്നിരിക്കുന്ന ഒരു വാതിലിലൂടെ യോഹന്നാനെ സ്വർഗ്ഗത്തിലേക്ക് വിളിക്കുന്നു.

യോഹന്നാൻ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടത് സഭയുടെ ഉത്പ്രാപണത്തിന്റെ പ്രതീകമായി നിരവധി പേർ കാണുന്നു. കാഹളം പോലുള്ള ശബ്ദമാണ് യോഹന്നാനെ സ്വർഗ്ഗത്തിലേക്ക് വിളിച്ചത്. അതുപോലെ സഭയും കർത്താവിന്റെ വരവിന്റെ ആദ്യത്തെ രംഗത്തിൽ തന്നെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടും: ***'കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ'*** (1 തെസ്സ. 4:16–17).

ഈ ക്രമം പ്രാധാന്യം അർഹിക്കുന്നു. വെളിപ്പാട് 2, 3 അധ്യായങ്ങളിലെ സംഭവങ്ങളെപ്പറ്റി (ഇപ്പോഴത്തെ സഭായുഗം) കർത്താവ് യോഹന്നാനോട് പറഞ്ഞു തീർത്തു. അതിനുശേഷം യോഹന്നാനെ അവിടുന്ന് സ്വർഗ്ഗത്തിലേക്ക് വിളിക്കുകയാണ്, 'ഇവിടെ കയറിവരിക' എന്ന ശബ്ദം കാഹളനാദം പോലെ അവൻ കേട്ടു. വെളിപ്പാട് ആറാം അധ്യായത്തിൽ വിവരിച്ചിരിക്കുന്ന മഹാക്രോധത്തിന് മുൻപാണ് ഇതെല്ലാം സംഭവിച്ചത്. ഭൂമിയിൽ നടക്കാൻ പോകുന്ന വലിയ ന്യായവിധി അവിടെ അനാവരണം ചെയ്യപ്പെട്ടപ്പോൾ, സഭയുടെ പ്രതിനിധിയായ യോഹന്നാൻ, സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുകയും ഏഴ് വർഷ മഹോപദ്രവ കാലയളവിൽ ഭൂമിയിൽ നടക്കാൻ പോകുന്ന സംഭവങ്ങളെപ്പറ്റി അവന് വെളിപ്പാട് ലഭിക്കുകയും ചെയ്തു. വെളിപ്പാട് ഒന്നു മുതൽ മൂന്നു വരെയുള്ള അധ്യായങ്ങളിൽ സഭ എന്ന വാക്ക് 20 പ്രാവശ്യം ആവർത്തിക്കുന്നു, അതേസമയം നാലു മുതൽ 19 വരെയുള്ള അധ്യായങ്ങളിൽ ആ വാക്ക് കാണുന്നില്ല. ഇത് സുപ്രധാനമായ ഒരു വസ്തുതയാണ്. ഈ അധ്യായങ്ങൾ 'വിശുദ്ധന്മാരെ'പ്പറ്റി പരാമർശിക്കുന്നു. അതിന്റെ അർത്ഥം, അധ്യായം ഏഴിൽ 'അനന്തരം' കർത്താവിലേക്ക് വന്ന ആളുകളാണ് അവരെന്നാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ ഏഴുവർഷ മഹോപദ്രവ കാലയളവിന്റെ തുടക്കത്തിൽ കർത്താവിലേക്ക് വന്ന ആളുകൾ.

ഈ വീക്ഷണം അനുസരിച്ച് ഉത്പ്രാപണം ഏഴുവർഷ മഹോപദ്രവ കാലയളവ് ആരംഭിക്കുന്നതിനു മുമ്പ് സംഭവിക്കും. അധ്യായം നാലിൽ യോഹന്നാനെ ഈ ലോകത്തിൽ നിന്ന് സ്വർ

ഗ്ഗത്തിലേക്ക് എടുത്തത്, വിശ്വസിക്കുന്ന സഭയെ ഈ ലോകത്തിൽ നിന്ന് ഉത്പ്രാപണത്തിലൂടെ സ്വർഗ്ഗത്തിലേക്ക് എടുക്കുന്നതിന്റെ മുന്നറിവ് നൽകാനാണ്. അതിനുശേഷം കർത്താവ് ഭൂമിയിലേക്ക് രണ്ടാമതു വരും.

വരാൻ പോകുന്ന മഹോപദ്രവകാലത്തിന്റെ ലക്ഷണങ്ങൾ നാം കണ്ടുതുടങ്ങി. കാരണം, അന്ത്യകാല പ്രവചനങ്ങളുടെ പൂർത്തീകരണം എന്നവണ്ണം എതിർ ക്രിസ്തുവിന്റെ ശക്തികൾ ഭൂമിയുടെ നിയന്ത്രണം കൂടുതലായി ഏറ്റെടുക്കുന്നത് ഇന്ന് നാം കാണുന്നു. അതിന്റെ അർത്ഥം, നമ്മുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് സുവിശേഷത്തിൽ വിശ്വസിക്കുന്നതിലൂടെ നമ്മുടെ കർത്താവിനെ എതിരേൽപ്പാൻ നാം തയ്യാറാകണമെന്നാണ്.

വ്യാഖ്യാനത്തിലെ എല്ലാ വൈഷമ്യങ്ങൾക്കും അപ്പുറം വെളിപ്പാട് പുസ്തകത്തിൽ വളരെ ലളിതമായ ഒരു വസ്തുതയുണ്ട്; മാനവരാശിക്ക് നിത്യമായ രണ്ട് ഭാഗധേയങ്ങൾ മാത്രമേയുള്ളൂ:

***'ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽനിന്നു ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിനു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; ഓരോരുത്തനു അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും'*** (വെളി. 20: 11–15).

***പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല. പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽനിന്നു, ദൈവസന്നിധിയിൽനിന്നു തന്നേ, ഇറങ്ങുന്നതും ഞാൻ കണ്ടു. സിംഹാസനത്തിൽനിന്നു ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടതു: ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേതു കഴിഞ്ഞുപോയി; സിംഹാസനത്തിൽ ഇരിക്കുന്നവൻ: ഇതാ, ഞാൻ സകലവും പുതുതാക്കുന്നു എന്നു അരുളിച്ചെയ്തു. എഴുതുക, ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു എന്നും അവൻ കല്പിച്ചു*** (വെളി. 21:1–5).

നിങ്ങൾ ഏതു ഭാഗധേയം തെരഞ്ഞെടുക്കും? നരകത്തിൽ നിന്ന് രക്ഷപ്പെട്ട് സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ, ***'കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും.'**** 

## ശേമ്യവിരുദ്ധതക്കെതിരെ നിൽക്കാനുള്ള സമയം ഇതാണ്

'**സീ**യോൻവാദികൾ ബ്രിട്ടൻ വിട്ടുപോവുക അല്ലെങ്കിൽ കൊല ചെയ്യപ്പെടും' എന്ന ഭീഷണി വഹിക്കുന്ന ശേമ്യവിരുദ്ധ ലഘുലേഖകൾ ലണ്ടനിലെ യെഹൂദ മേഖലയായ ഹെൻഡനിൽ കാണപ്പെട്ടു. എബ്രായ ഭാഷയിൽ എഴുതപ്പെട്ട ഈ ലഘുലേഖയിൽ ആ മേഖല 'ജൂതമുക്ത മേഖല' ആണെന്ന് ഇംഗ്ലീഷിൽ പ്രഖ്യാപിച്ചിരുന്നു.

*ഡെയിലി ടെലിഗ്രാഫ്* ദിനപത്രത്തിന്റെ സർവ്വേ പ്രകാരം, അഞ്ച് ബ്രിട്ടീഷുകാരിൽ ഒന്നിൽ കൂടുതൽ പേർ ശേമ്യവിരുദ്ധ വീക്ഷണം വച്ചുപുലർത്തുകയോ അതിനോട് യോജിക്കുകയോ ചെയ്യുന്നു. പത്തുവർഷം മുമ്പ് നടന്ന സമാനമായ സർവ്വേയുമായി താരതമ്യപ്പെടുത്തുമ്പോൾ, ഇപ്പോഴത്തെ കണക്കുകൾ വളരെ ഉയർന്നതാണ്. ഒക്ടോബർ 7-ന് 1200 യെഹൂദരെ കൊന്നൊടുക്കിയതിനുശേഷമാണ് ഈ സർവ്വേയുടെ ഫലം വന്നതെന്ന് ഓർക്കണം. അഗ്നിച്ചൂളയ്ക്കു (holocaust) ശേഷം ഇത്രയും യെഹൂദർ കൂട്ടക്കൊല ചെയ്യപ്പെടുന്നത് ആദ്യമാണ്. ഗാസയുടെ നാശത്തിന്റെ ചിത്രങ്ങൾ തുടർച്ചയായി പ്രദർശിപ്പിച്ചതായിരിക്കണം, വർദ്ധിച്ചുവരുന്ന ശേമ്യ വിരുദ്ധതയുടെ ആക്കം കൂട്ടിയത്. യിസ്രയേലിനെതിരെയുള്ള വിമർശനം വലിയ യെഹൂദവിരുദ്ധ വികാരമായി പടരുകയാണ്.

ശേമ്യവിരുദ്ധതയ്ക്കെതിരെ പ്രവർത്തിക്കുന്ന ഒരു സംഘടനയുടെ വക്താവ് പറഞ്ഞു: 'നമ്മുടെ രാജ്യം ഒരു പൊട്ടിത്തെറിയുടെ വക്കിലാണ്. ഇതുവരെ രേഖപ്പെടുത്തിയതിൽ വച്ച് ഏറ്റവും ഉയർന്ന തോതിലുള്ള ശേമ്യവിരുദ്ധതയുടെ കണക്കാണിത്. അഞ്ചുവർഷത്തിനുള്ളിൽ അത് ഇരട്ടിയായി. വെറുപ്പിന്റെ പ്രത്യയശാസ്ത്രം സ്വീകരിക്കാൻ നമ്മുടെ കൺമുൻപിൽ നമ്മുടെ യുവജനങ്ങളെ മസ്തിഷ്ക പ്രക്ഷാളനം ചെയ്തിരിക്കുന്നു. ഇപ്പോൾ നിശബ്ദമായിരിക്കുന്ന ഭൂരിപക്ഷം ഉണർന്നില്ലെങ്കിൽ, ബ്രിട്ടന്റെ ആത്മാവ് മൗലികവാദികളുടെ പക്കലായി അത് നഷ്ടപ്പെടും. യെഹൂദ ജനതയ്ക്ക് എതിരെയുള്ള വംശീയത കുതിച്ചുയരുകയാണ്. എന്നാൽ സാഹചര്യത്തിനനുസരിച്ച് ഉയരുന്നതിൽ അധികാരികൾ ഹീനമായി പരാജയപ്പെട്ടിരിക്കുന്നു. രാഷ്ട്രീയക്കാർ, പോലീസ്, പ്രോസിക്യൂട്ടർ, അധികാരികൾ, മാധ്യമ സ്ഥാപനങ്ങൾ, സാംസ്കാരിക കേന്ദ്രങ്ങൾ, സർവ്വകലാശാലകൾ, തൊഴിലാളി സംഘടനകൾ — അവരെല്ലാരും ബ്രിട്ടനിൽ വെറുപ്പിന്റെ ഒരു സ്ഥിതിവിശേഷം സൃഷ്ടിക്കുന്നതിൽ പങ്കാളികളാണ്.'

ബ്രിട്ടണിലും പാശ്ചാത്യ ലോകത്തിലാകമാനവും നടക്കുന്ന ശേമ്യ വിരുദ്ധ സംഭവങ്ങളുടെ ചില ഉദാഹരണങ്ങളാണ് മുകളിൽ സൂചിപ്പിച്ചത്. ഗാസ യുദ്ധം ആരംഭിച്ചതിനുശേഷം, യിസ്രായേലിനെതിരെ ആഴ്ച തോറും പ്രതിഷേധങ്ങൾ നടക്കുന്നു. യെഹൂദർക്കും യിസ്രയേലികൾക്കും അവരെ പിന്തുണയ്ക്കുന്നവർക്കും എതിരെയുള്ള വെറുപ്പിന്റെ ഉത്സവമായി അത് മാറുകയാണ്. 'സ്വതന്ത്ര പാലസ്തീൻ' , 'നദി മുതൽ സമുദ്രം വരെ പാലസ്തീൻ സ്വതന്ത്രമാകും' തുടങ്ങിയ മുദ്രാവാക്യങ്ങൾ അവർ മുഴക്കുന്നു.

വർദ്ധിച്ചുവരുന്ന ശേമ്യവിരുദ്ധതയുടെ മുന്നിൽ മുഖ്യധാര ക്രിസ്തീയ സഭ ഇന്ന് മിക്കവാറും നിശബ്ദമാണ്. ഇപ്പോൾ വിരമിച്ച കാന്റർബറി ആർച്ച് ബിഷപ്പ് ജസ്റ്റിൻ വെൽബി, ഹമാസ് — യിസ്ര

യേൽ യുദ്ധം തുടർന്നുകൊണ്ടിരുന്നപ്പോൾ, മാസങ്ങളായി യെഹൂദ രാജ്യത്തിനെതിരെ പ്രകോപനപരമായ പ്രസ്താവനകൾ നടത്തിക്കൊണ്ടിരിക്കുന്നു. റബ്ബി ഗോൾഡ്സ്റ്റീൻ പറഞ്ഞു, 'ഇറാന്റെ പിന്തുണയുള്ള മത തീവ്രവാദി സംഘങ്ങൾക്കെതിരെയുള്ള യുദ്ധത്തിൽ യിസ്രയേലിനെ പരസ്യമായി തള്ളിപ്പറഞ്ഞതിലൂടെ വെൽബിയും മറ്റു നേതാക്കളും യെഹൂദ രാജ്യത്തിന്റെയും പാശ്ചാത്യ ജനാധിപത്യ രാജ്യങ്ങളുടെയും ശത്രുക്കളെ പ്രോത്സാഹിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്.'

യിസ്രയേലിന്റെ നാശമാണ് അവർക്ക് വേണ്ടത്, കേവലം യിസ്രയേലിന്റെ അവസാനമല്ല. പാശ്ചാത്യ ലോകത്ത് ബൈബിൾ അധിഷ്ഠിത ക്രൈസ്തവ വിശ്വാസത്തിനെതിരെയുള്ള പ്രധാന ആക്രമണം കടുത്ത ഇടതുപക്ഷക്കാരിൽനിന്നും മത തീവ്രവാദികളിൽ നിന്നും വരുന്നു.

കർത്താവിനെയും തന്റെ വചനത്തെയും സ്നേഹിക്കുന്ന ക്രൈസ്തവർ ഈ അതിക്രമത്തിനെതിരെ യിസ്രയേലിനു വേണ്ടിയും യെഹൂദ ജനതയ്ക്ക് വേണ്ടിയും നിൽക്കേണ്ട സമയമാണിത്.

ശേമ്യവിരുദ്ധത ബൈബിളിലെ പഠിപ്പിക്കലിനെതിരാണ്. യിസ്രയേലിനോടുള്ള ദൈവത്തിന്റെ സ്നേഹത്തെപ്പറ്റിയും മശീഹായും രക്ഷകനുമെന്ന നിലയിൽ യേശുവിന്റെ യെഹൂദ താദാത്മ്യത്തെപ്പറ്റിയും ലോകത്തിൽ യെഹൂദ ജനതയുടെ തുടർച്ചയായുള്ള നിലനിൽപ്പും ഉദ്ദേശ്യവുമായി ബന്ധപ്പെട്ട് ദൈവം അബ്രഹാമിനോടും മോശെയോടും ചെയ്ത ഉടമ്പടിയുടെ പ്രാധാന്യത്തെപ്പറ്റിയും ബൈബിൾ നമ്മെ പഠിപ്പിക്കുന്നു. യിരെമ്യാവു 31-ൽ, പുതിയ ഉടമ്പടിയുടെ വരവിനെപ്പറ്റി പറയുന്ന വാക്യങ്ങൾക്ക് ശേഷം ഉടനെ നാം വായിക്കുന്നത്, സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളും ആകാശത്ത് പ്രകാശിക്കുന്നിടത്തോളം കാലം യിസ്രയേൽ ദൈവത്തിനു മുന്നിൽ ഒരു രാജ്യമായിരിക്കും. റോമർ 12- ൽ, റോമിലെ സഭയോട് പൗലൊസ് പറയുന്നത്, ബൈബിളിലെ യെഹൂദ വെളിപ്പാടിന്റെ വേരാണ് അവരെ പിന്തുണയ്ക്കുന്നതെന്നാണ്. അതുകൊണ്ട് അവർ വേരിനെതിരെ പ്രശംസിക്കരുത്. പകരം, അതിൽ നിന്ന് പഠിക്കണം. 'തെരഞ്ഞെടുപ്പു സംബന്ധിച്ചോ പിതാക്കന്മാർ നിമിത്തം പ്രിയന്മാർ' എന്നും, 'ഇങ്ങനെ യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും' എന്നും അവൻ അവരോട് പറയുന്നു.

യേശുവിന്റെ ക്രൂശ് മരണത്തിന് യെഹൂദരെ കുറ്റപ്പെടുത്തുന്ന വ്യാജ ക്രൈസ്തവ ഉപദേശത്തെ പുതിയ നിയമത്തിന്റെ യഥാർത്ഥ പഠിപ്പിക്കൽ നിരാകരിക്കുന്നു. യേശു സ്വന്തം ഇഷ്ടപ്രകാരം സ്വന്തം ജീവൻ ലോകത്തിന്റെ പാപത്തിന്റെ മോചനത്തിനുവേണ്ടി യാഗമായി അർപ്പിച്ചുവെന്ന് പുതിയ നിയമം പഠിപ്പിക്കുന്നു. നാമെല്ലാവരും പാപികളാണെന്ന അർത്ഥത്തിൽ നാമെല്ലാവരും കൂടിയാണ് യേശുവിനെ കൊന്നത്. അവന്റെ മരണവും ഉയർപ്പും കർത്താവിന്റെ ഹിതപ്രകാരമായിരുന്നു. നഷ്ടപ്പെട്ടുപോയ മാനവരാശിയെ വീണ്ടെടുക്കാനും ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്താനും നാം ദൈവത്തിന്റെ സ്നേഹവും ദയയും ക്ഷമയും അറിയാനുമായിരുന്നു അവിടുന്ന് മരിച്ചടക്കപ്പെട്ട് ഉയർത്തെഴുന്നേറ്റത്.

## ആധുനിക ബ്രിട്ടന്റെ ഭ്രാന്ത്

നികുതി വകുപ്പിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർ ജോലി സമയത്ത് 'ബ്രിട്ടീഷുകാരനായതിലെ കുറ്റബോധം' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ഒരു ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു. ഒരു ടെലിവിഷൻ നെറ്റ്‌വർക്ക് ആണ് അത് സംഘടിപ്പിച്ചത്. നാനാത്വവും, സമത്വവും ഉൾപ്പെടുത്തലും ഉറപ്പാക്കാൻ നികുതി ഉദ്യോഗസ്ഥരുടെ ശ്രമത്തിന്റെ ഭാഗമായി നടന്ന ഈ യോഗത്തിന്റെ വിഷ

യങ്ങൾ 'കോളനി ചരിത്രത്തിന്റെ വൈകാരിക വിഴുപ്പ് ചുമക്കൽ,' 'അതിൽ നിന്ന് ലഭിച്ച ആഘാതം' എന്നിവയായിരുന്നു. അതേസമയം, ഉപഭോക്താക്കളുടെ അന്വേഷണങ്ങൾക്ക് ഉത്തരം നൽകുന്നതുമായി ബന്ധപ്പെട്ട് നെറ്റുവർക്കുകാരുടെ പ്രകടനം എക്കാലത്തെയും മോശമായ സ്ഥിതിയിലായിരുന്നു. അടുത്തകാലത്ത് നടന്ന ഒരു സർവ്വേ പറയുന്നത് ഏകദേശം 40,000 പേർ അവരുടെ അന്വേഷണങ്ങളുടെ ഉത്തരത്തിനുവേണ്ടി 70 മിനിറ്റോളം ലൈനിൽ കാത്തിരിക്കേണ്ടി വന്നെന്നാണ്. അതിന് യാതൊരു വിശദീകരണവുമില്ല.

കടയിൽ സാധനങ്ങൾ മോഷണം പോയതിലൂടെ ഒരു നല്ല തുക നഷ്ടപ്പെട്ട റെക്സ്ഹാമിലെ ഒരു വ്യാപാരി, തന്റെ കടയുടെ മുന്നിൽ ഒരു അറിയിപ്പ് പതിപ്പിച്ചു: 'നികൃഷ്ട ജീവികൾ കടയിൽ നിന്നും മോഷണം നടത്തുന്നതു കൊണ്ട് കടയ്ക്കുള്ളിലെ അലമാരകൾ തുറക്കാൻ സഹായം ആവശ്യപ്പെടുക.' ഈ അറിയിപ്പ് പ്രകോപനപരവും കുറ്റകരവും ആണെന്ന് ചൂണ്ടിക്കാട്ടി നോർത്ത് വെയിൽസ് പോലീസ് അതെടുത്ത് മാറ്റാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. ദയവായി മോഷ്ടാക്കളെ കുറ്റപ്പെടുത്തരുത്. ഇംഗ്ലണ്ടിലും വെൽസിലും കടകളിൽ നടക്കുന്ന മോഷണക്കേസുകൾ 5 ലക്ഷത്തിലധികം കടന്നിരിക്കുന്നു.

ഡാർലിങ്ടണിൽ ജീവിക്കുന്ന ഒരു സുഹൃത്ത് താൻ അറിയുന്ന ഒരു വ്യക്തി ഒരു വീട് വാങ്ങാൻ വില വാഗ്ദാനം ചെയ്തതിനെപ്പറ്റി ഒരു ഈമെയിൽ എനിക്കയച്ചു. അദ്ദേഹം മുന്നോട്ടു വച്ച വില അംഗീകരിച്ചു. പ്രാദേശിക ഭരണകൂടം 6000 പൗണ്ടിന് ആ വീട് വാങ്ങാൻ തയ്യാറായി. ഈ വ്യക്തി വാഗ്ദാനം ചെയ്ത വിലയ്ക്കും മുകളിലായിരുന്നു അവർ വാഗ്ദാനം ചെയ്ത തുക. അവർ കുടിയേറ്റക്കാർക്കു വേണ്ടി ആ പ്രദേശത്ത് വീടുകൾ വാങ്ങുകയായിരുന്നു. വീട് വിൽക്കാനിറങ്ങിയ വ്യക്തി ഈ വാഗ്ദാനം നിരസിച്ചിട്ട് ആ വ്യക്തിയ്ക്ക് തന്നെ വീട് വിറ്റു (അവർക്ക് അത് നല്ലതാണ്). സർക്കാർ ബ്രിട്ടീഷ് പൗരന്മാർക്ക് വേണ്ടി നിലകൊള്ളുന്നത് നല്ലതായിരിക്കും.

ബ്രിട്ടനിലെ ഉന്നത നീതിപീഠമായ സുപ്രീംകോടതി അപൂർവ്വമായി യുക്തിസഹമായ ഒരു നിലപാടെടുത്തു. 'ലിംഗം' ജീവശാസ്ത്രത്തിൽ അധിഷ്ഠിതമായിരിക്കണമെന്ന് അത് ഉത്തരവിട്ടു. സമത്വനിയമത്തിലെ 'ലിംഗം' ജീവശാസ്ത്രപരമായ ലിംഗത്തെയാണ് പരാമർശിക്കുന്നതെന്ന് കോടതി വീക്ഷിച്ചു – ലിംഗ അംഗീകാര സർട്ടിഫിക്കറ്റ് ഉള്ള ലിംഗഭേദം നടത്തിയവരെ ഉൾപ്പെടുത്താൻ തരത്തിൽ അതിനെ വിശാലമാക്കരുത്. ഇത് ഭിന്നലിംഗ വാദത്തെ പിന്തുണയ്ക്കുന്നവരിൽനിന്ന് കഠിനമായ പ്രതികരണം വിളിച്ചു വരുത്തി. ആശുപത്രി ജീവനക്കാരുടെ സംഘടന, ബി എം എയിൽ (ബ്രിട്ടീഷ് മെഡിക്കൽ അസോസിയേഷൻ) നിന്നുള്ള ഡോക്ടർമാർ ഇതിനെതിരെ പ്രസ്താവനയിറക്കി. 'ശാസ്ത്രീയമായും ജീവശാസ്ത്രപരമായും അക്ഷരാഭ്യാസമില്ലാത്തവരുടെ' വിധിയാണ് അതെന്നു പറഞ്ഞ് അവർ അതിനെ അപലപിച്ചു. 'അതിനു ശാസ്ത്രത്തിലും വൈദ്യശാസ്ത്രത്തിലും യാതൊരു അടിസ്ഥാനവുമില്ല. മാത്രമല്ല, അത് ഭിന്നലിംഗക്കാർക്കും ലിംഗ വൈവിധ്യക്കാർക്കും ഹാനികരവുമാണ്.' പുരുഷന്മാരും സ്ത്രീകളും തമ്മിൽ വ്യത്യാസമുണ്ടെന്ന് ഈ ഡോക്ടർമാർ അറിയണമെന്ന് നാം ആഗ്രഹിക്കുന്നു. എന്നാൽ അതറിയുന്നതിനെ അവർ 'ശാസ്ത്രീയമായി അക്ഷരാഭ്യാസമില്ലായ്മ എന്നു പറയുന്നു'. ഉല്പത്തിയിൽ എഴുതിയിരിക്കുന്ന സൃഷ്ടിയുടെ വിവരണത്തെപ്പറ്റി അവർ ചിന്തിക്കുന്നുണ്ടാകില്ലെന്ന് സംശയമന്യേ പറയാം. ***'ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു.'***

ഇങ്ങനെയുള്ള സംഭവങ്ങൾ എല്ലാ സമയത്തും നടക്കുന്നുണ്ട്. നമ്മുടെ സമൂഹത്തിൽ അധികാരത്തിൽ ഇരിക്കുന്നവർക്കെതിരെ അത് അമർഷം സൃഷ്ടിക്കുന്നു. സംഭവിക്കുന്ന കാര്യങ്ങൾക്കെതിരെയുള്ള പരാതികളെ നിരോധിക്കുന്ന പ്രവണത കൂടുതലാണ്. നാം സാമൂഹിക ശിഥിലീകരണത്തിലേക്ക് വീണുപോകുന്ന, അഭിപ്രായ സ്വാതന്ത്ര്യവും നഷ്ടപ്പെടാൻ പോകുന്ന അപകടത്തിലാണ്. അധികാരത്തിലിരിക്കുന്നവർ പ്രതിപക്ഷത്തിന്റെ പ്രവർത്തികളെ തീവ്ര വലതുപക്ഷ രാഷ്ട്രീയമെന്ന് മുദ്ര കുത്തുന്നു. തങ്ങളെ കൗശലത്താൽ സ്വാധീനിക്കുകയായിരുന്നുവെന്ന് കൂടുതൽ ആളുകൾ ഇപ്പോൾ മനസ്സിലാക്കുന്നു. ഇതിനെതിരെ വർദ്ധിച്ചുവരുന്ന അമർഷമുണ്ട്. ക്രൈസ്തവരെന്ന നിലയിൽ നാം സമാധാനം ഉണ്ടാക്കാനും നല്ല പൗരന്മാരാവാനും ആഗ്രഹിക്കുന്നു. എന്നാൽ, രാജ്യം ക്രൈസ്തവ വിരുദ്ധവും അതുപോലെ ബ്രിട്ടീഷ് വിരുദ്ധവുമായ ശക്തികളുടെ കയ്യിൽ അകപ്പെട്ടത് നാം കാണുന്നു. അധികാരത്തിലിരിക്കുന്നവർ നമ്മെ ഏതു ദിശയിലേക്കാണ് കൊണ്ടുപോകുന്നതെന്ന വസ്തുത നമ്മിൽ ഉളവാക്കുന്ന കഠിനമായ ദുഃഖം അനുഭവിക്കാതിരിക്കാൻ നമുക്കാകില്ല.

## ഇറാന് എന്താണ് സംഭവിക്കുന്നത്?

ഇറാൻ പ്രധാനപ്പെട്ട ഒരു യിസ്രയേൽ വിരുദ്ധ രാജ്യമായി മാറിയിരിക്കുന്നു. യിസ്രായേലിന് ചുറ്റുമുള്ള ശത്രു രാജ്യങ്ങളെ അത് അഗ്നി വലയമാക്കി യിസ്രായേലിന്റെ നാശത്തിനുവേണ്ടി അവർക്ക് മിസൈലുകളും മറ്റും നൽകുന്നു. ഇത് അവർക്ക് വലിയ ഗുണമൊന്നും ചെയ്തില്ല. കാരണം, യിസ്രയേൽ അവരെ മിക്കവരെയും ഇല്ലാതാക്കിയിരിക്കുന്നു. ഉത്പ.12-ൽ ദൈവം അബ്രഹാമിനോടും അവന്റെ സന്തതികളോടും (യെഹൂദ ജനത) പറയുന്ന വാഗ്ദത്തത്തിന്റെ കഠിനമായ പാഠം ഇറാൻ ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്നു: 'നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും; നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.' ഇറാനിലെ നേതൃത്വത്തെ ദൈവം ന്യായം വിധിക്കുന്നതിന്റെ നിരവധി അടയാളങ്ങൾ നാം കാണുന്നു. ജനങ്ങൾ അവരുടെ അഴിമതി നിറഞ്ഞ, അപ്രാപ്തമായ ഭരണംകൊണ്ട് പൊറുതിമുട്ടുന്നു. ഇസ്ലാമിക ഭരണകൂടത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങളിൽ ഒന്ന്, ജനങ്ങളെ ഇസ്ലാമിൽ നിന്ന് അവർ അകറ്റിയതാണ്. സിബിഎൻ ന്യൂസിന്റെ റിപ്പോർട്ട് പ്രകാരം, ഒരു മുതിർന്ന ഇസ്ലാമിക പുരോഹിതന്റെ കണക്കുകൾ വെളിപ്പെടുത്തിയത്, ദശലക്ഷക്കണക്കിന് ഇറാൻ പൗരന്മാർ ഇസ്ലാം വിട്ടുപോയതുകൊണ്ട് 50,000 മുതൽ 75,000 വരെ മോസ്കുകൾ ഇറാനിൽ അടച്ചു പൂട്ടിയെന്നാണ്.

ഭരണകൂടത്തിന്റെ അഴിമതിയും അതിന്റെ അടിച്ചമർത്തലും, പണവും വിഭവങ്ങളും ധൂർത്തടിക്കലും, തീവ്രവാദത്തെയും വിദേശങ്ങളിലെ യുദ്ധങ്ങളെയും സാമ്പത്തികമായി സഹായിക്കുന്നതും, സ്വന്തം പൗരന്മാരുടെ ആവശ്യങ്ങൾ നിരാകരിക്കുന്നതും ജനങ്ങളെ പൊറുതിമുട്ടിച്ചിരിക്കുന്നു. ലക്ഷക്കണക്കിന് ജനങ്ങൾ യേശുവിലേക്ക് വരുന്നെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഒരുപക്ഷേ 10 ദശലക്ഷം ഇറാൻ പൗരന്മാർ രഹസ്യ ക്രിസ്ത്യാനികളായി മാറിയിട്ടുണ്ടാകാം. തങ്ങളുടെ മതം ഉപേക്ഷിച്ചതിന് അവർ പീഡനം അഭിമുഖീകരിച്ചേക്കും. വ്യക്തമായ കാരണങ്ങളാൽ എനിക്ക് കൃത്യമായ കണക്ക് വെളിപ്പെടുത്താൻ സാധിക്കുന്നില്ല. മിക്ക ഇറാൻ ക്രൈസ്തവരും തങ്ങളുടെ യഥാർത്ഥ വിശ്വാസത്തെപ്പറ്റി പുറത്തു പറയാൻ ആഗ്രഹിക്കുന്നില്ല. ഈ വർഷം മാത്രം ആയിരക്കണക്കിന് രാഷ്ട്രീയ എതിരാളികൾക്ക് ഇറാൻ വധശിക്ഷ നൽകി. അതേസമയം 10 ദശലക്ഷം ജനങ്ങൾ വസിക്കുന്ന ടെഹ്റാൻ നഗരം ദുരന്ത

ത്തിന്റെ വക്കിലാണ്. ജലസ്രോതസ്സുകൾ വറ്റി വരളുന്നു, ജല സംഭരണികൾ കാലിയാവുന്നു, ഭൂമി താഴുന്നത് മൂലം ഭൂഗർഭ പൈപ്പുകൾ പൊട്ടുന്നു തുടങ്ങിയവയാണ് കാരണങ്ങൾ. 50 ഡിഗ്രി വരെ ചൂടുള്ള ദിവസങ്ങളും അവിടെ ഉണ്ടായിട്ടുണ്ട്. മഴയില്ലാത്തതുകൊണ്ട് ഇത് ജലസംഭരണികളെ ശൂന്യമാക്കുന്നു. തലസ്ഥാനത്തെ ജല വിതരണത്തിന്റെ സ്രോതസായ അണക്കെട്ടുകൾ ഒക്ടോബർ ആവുമ്പോഴേക്കും വരളുമെന്ന് പ്രസിഡന്റ് പെസഷ്കൃയാൻ മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു. നഗരത്തിനടിയിലുള്ള ഭൂമി താഴുകയാണ്. ഭൂഗർഭ ജലം പമ്പ് ചെയ്തതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്. നഗരത്തിന്റെ കിഴക്കൻ ഭാഗവും പരിസ്ഥിതി ദുരന്തം അഭിമുഖീകരിക്കുകയാണ്. ഹിന്ദുകുഷ് പർവ്വതത്തിൽ നിന്ന് ഉത്ഭവിക്കുന്ന ഹെൽമണ്ട് നദിയിൽ അഫ്ഗാനിസ്ഥാൻ അണക്കെട്ടുകൾ പണി കഴിപ്പിച്ചത് ഇറാനിലേക്കുള്ള വെള്ളത്തിന്റെ ഒഴുക്ക് തടയുന്നു. ഇറാന്റെ കിഴക്കൻ മേഖലയ്ക്ക് ശുദ്ധജലം നൽകുന്ന ഹാമോൻ തടാകത്തിന് ചുറ്റുമുള്ള പ്രദേശത്തിന് ജലസേചനം നൽകുന്നത് ഹെൽമണ്ട് നദിയിൽനിന്നുള്ള വെള്ളമായിരുന്നു. തടാകത്തിനു ചുറ്റുമുള്ള പരമ്പരാഗത ജീവിതശൈലിയെ അതിന് ഇനി പരിപോഷിപ്പിക്കാൻ കഴിയാത്തതുകൊണ്ട് ജനങ്ങൾ ആ പ്രദേശം വിട്ട് നഗരങ്ങളിലേക്ക് ചേക്കേറുന്നു. അത് പ്രതിസന്ധിയെ വർധിപ്പിക്കുകയാണ്.

യെഹെസ്കേൽ 38-ൽ, ഗോഗ് മോഗോഗ് യുദ്ധത്തിൽ യിസ്രയേലിനെതിരെ വരുന്ന രാജ്യങ്ങളിൽ ഒന്ന് ഇറാൻ/ പേർഷ്യയാണ്. ആ രാജ്യങ്ങളെ ദൈവം ന്യായം വിധിക്കും. അന്ത്യകാലത്ത് ഏലാമിന്റെ മേൽ ദുരന്തം വരുമെന്ന് യിരെമ്യാവു 49:35-39 വരെ മുന്നറിയിപ്പ് നൽകുന്നു. ഇറാന്റെ നേതൃത്വത്തിന് മേൽ ന്യായവിധി വന്നുകൊണ്ടിരിക്കുന്നു. ദൈവം 'ഏലാമിന്റെ മുഖ്യബലമായ അവരുടെ വില്ലു ഒടിച്ചുകളയും.' അവരുടെ ആയുധങ്ങളുടെ (റോക്കറ്റ്, ബോംബ്) ശേഷിയെയാണ് അത് പ്രധാനമായും സൂചിപ്പിക്കുന്നത്. ദൈവം, 'അവിടെ നിന്നു രാജാവിനെയും പ്രഭുക്കന്മാരെയും നശിപ്പിച്ചുകളയും' എന്നും നാം കാണുന്നു. എന്നാൽ അന്ത്യകാലത്ത്, ദൈവം, 'ഏലാമിന്റെ പ്രവാസം മാറ്റും' എന്നും നാം കാണുന്നു. അവൻ ജനത്തെ തനിക്ക് വേണ്ടി കൂട്ടിച്ചേർക്കും. ഇറാനിലെ ജനങ്ങളെ സംബന്ധിച്ച് ഇത് സദ്വാർത്തയാണ്. ഇത് ഞങ്ങളുടെ ആഗ്രഹവും പ്രാർത്ഥനയുമാണ്: വില്ല് ഒടിച്ചുകളയുന്നത്, നേതൃത്വത്തെ ഇല്ലാതാക്കുന്നത്, പ്രവാസികളെ മോചിപ്പിക്കുന്നത്... ഒടുവിൽ ദൈവത്തിന്റെ മഹിമയുടെ രാജ്യം ഇറാനിലേക്ക് വരുന്നത്.

## യൂഫ്രട്ടീസ് വരളുന്നു

പടിഞ്ഞാറൻ ഏഷ്യയിലെ ഏറ്റവും നീളം കൂടിയ നദിയാണ് യൂഫ്രട്ടീസ്. അത് തുർക്കി, സിറിയ, ഇറാഖ് എന്നീ രാജ്യങ്ങളിലൂടെ ഒഴുകി ഒടുവിൽ ടൈഗ്രീസിൽ ചെന്നു ചേരുന്നു. ആയിരക്കണക്കിന് വർഷങ്ങളായി ഈ രണ്ടു നദികൾ സംസ്കാരത്തെയും രണ്ടു നദികൾക്കും ഇടയിലുള്ള ദേശമായ മെസപ്പൊട്ടോമ്യയിലെ നഗരങ്ങളായ ബാബിലോനെയും നിനവെയെയും (അസ്സീറിയ) പരിപോഷിപ്പിച്ചു. ഈ നദികൾ ആ പ്രദേശത്തെ ഫലഭൂയിഷ്ഠവും ഉൽപ്പാദനക്ഷമവുമാക്കി. ഈ വരണ്ട പ്രദേശത്തിലെ ശുദ്ധജലത്തിന്റെ പ്രധാന ഉറവിടം ഈ നദികൾ മാത്രമാണ്.

തുർക്കിയിലും സിറിയയിലും നടക്കുന്ന അണക്കെട്ട് നിർമ്മാണത്തിന്റെ ഫലമായുള്ള കാലാവസ്ഥാ വ്യതിയാനവും, അത് കൈകാര്യം ചെയ്യുന്നതിനുള്ള പിടിപ്പുകേടും വെള്ളമൊഴുക്കിന്റെ കുറവും ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ചില കണക്കുകൾ പറയുന്നത് 2040 ആകുമ്പോഴേക്കും യൂഫ്രട്ടീസ് അപ്രത്യക്ഷമാകുമെന്നാണ്. ചൂട് കൂടുന്നു, മഴ വളരെയധികം കുറയുന്നു, മണ്ണൊലിപ്പ് വർദ്ധിക്കുന്നു. അതിന്റെ



ഫലമായി, ഇറാഖിന്റെ ഫലഭൂയിഷ്ട മായ തടങ്ങളിൽ വിളകൾ നശിക്കുന്നു. ഭക്ഷണക്ഷാമം തുടരെത്തുടരെ ഉണ്ടാകുന്നു. മലിനീകരണത്തിന്റെ തോത് വർദ്ധിക്കുന്നു. അത് മനുഷ്യർക്കും കന്നുകാലികൾക്കും രോഗം സമ്മാനിക്കുന്നു. ജനങ്ങൾ ഗ്രാമങ്ങൾ ഉപേക്ഷിച്ച് നഗരങ്ങളിലേക്ക് ചേക്കേറുന്നു. നഗരങ്ങൾക്ക് കൂടുതൽ ആളുകളെ ഉൾക്കൊള്ളാൻ കഴിയുന്നില്ല. ഗതിമാറ്റാനൊക്കാത്ത പ്രത്യാഘാതം കൊണ്ടുവരുന്ന ഒരു മാനുഷിക പ്രതിസന്ധിയുടെ ഭീഷണി ഉരുണ്ടുകൂടുകയാണ്.

വരാൻ പോകുന്ന അന്ത്യകാല ദിനങ്ങളുടെ മറ്റൊരു അടയാളമാണ് അപ്രത്യക്ഷമാകുന്ന നദി. നാമത് വെളിപ്പാട് 9:14, 16:12 എന്നീ വാക്യങ്ങളിൽ വായിക്കുന്നു: ***‘ആറാമത്തവൻ തന്റെ കലശം യൂഫ്രാത്തേസ് എന്ന മഹാനദിയിൽ ഒഴിച്ചു; കിഴക്കു നിന്നു വരുന്ന രാജാക്കന്മാർക്കു വഴി ഒരുങ്ങേണ്ടതിനു അതിലെ വെള്ളം വറ്റിപ്പോയി.’***

## അംഗുലീ തിരിച്ചറിയൽ (Digital ID)

ഒരു പലചരക്കു കടയിലേക്കോ, ബാങ്കിലേക്കോ, ആശുപത്രിയിലേക്കോ കയറിച്ചെല്ലുമ്പോൾ ‘‘പ്രവേശനമില്ല അംഗുലീ തിരിച്ചറിയൽ കാണുന്നില്ല” എന്നൊരു അനുഭവത്തെക്കുറിച്ച് ചിന്തിക്കുക! ചുവപ്പു ലൈറ്റ് ചുറ്റിമിന്നുന്നു. അവിടെ ഇരിക്കുന്ന ജീവനക്കാരൻ നിഷേധാത്മകമായി തലയാട്ടുന്നു. നിങ്ങളുടെ ജീവിതം നിശ്ചലമാകുന്നു, പണമില്ല, വാടകയില്ല. ഡോക്ടറെ കാണാനും പറ്റുന്നില്ല. നിങ്ങളുടെ നിലനില്പുതന്നെ, ഒരു ചെറു കാർഡ് എന്ന താക്കോലിനെ ആശ്രയിച്ചിരിക്കുന്നു.

ചൈനയിൽ ഇപ്പോൾ തന്നെ ഈ പന്ഥാവിൽ ഒരു നിക്ഷേപ നിലവാര വ്യവസ്ഥ നിലവിലുണ്ട്. ഇപ്പോൾ ബ്രിട്ടനിൽ അംഗുലീ തിരിച്ചറിയൽ അത്യന്താപേക്ഷിതമായ ഒരു ബ്രിറ്റ് കാർഡ് പ്രായപൂർത്തിയായ സകല പൗരന്മാർക്കും ബാധകമാക്കുവാൻ ശ്രമം നടക്കുന്നു. ഇത് ഒരിക്കൽ ചിന്തനീയവും യാഥാർത്ഥ്യ ബോധമുള്ളതും ആയിരുന്നില്ല.

ചെറു ബോട്ടുകളിൽ അഭയാർത്ഥികളായി എത്തുന്നവരുടെ എണ്ണം ഇപ്പോൾ ഏറ്റവും ഉയർന്ന നിലയിലാണ്. പൊതു ജനങ്ങൾക്ക് ഇത് ഒരു ഉൽക്കണ്ഠാ വിഷയമാകയാൽ, ഈ കുടിയേറ്റ പ്രശ്നം “പരിഹരിക്കുവാൻ” സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കെട്ടിടം വാടകയ്ക്ക് കൊടുക്കുവാനും, ജോലി കിട്ടുവാനും, അത്യാവശ്യ സേവനങ്ങൾ ലഭിക്കുന്നതിനും, പ്രായപൂർത്തിയായവർക്കെല്ലാം ഒരു അംഗുലീ തിരിച്ചറിയൽ കാർഡ് ഉണ്ടായിരിക്കണം. എസ്റ്റോണിയായുടെ മാതൃകയിൽ, ജനനത്തിങ്കൽ തന്നെ ഒരു അംഗുലീ തിരിച്ചറിയൽ കാർഡു നൽകി, ബാങ്കിടപാടുകൾക്കും, നികുതിയടയ്ക്കുവാനും, ചികിത്സ തേടുവാനും സമ്മതിദാനം (vote) വിനിയോഗപ്പെടുത്തുന്നതിനും പര്യപ്തമായ ഒരു പരിപാടി നടപ്പാക്കുന്നതിനെക്കുറിച്ച് ബ്രിട്ടീഷ് സർക്കാർ പഠിച്ചുകൊണ്ടിരിക്കുകയാണ്. ബ്രിട്ടന്റെ പരിപാടി അതിന് ഒരു പടി കൂടികടന്ന്, കുടിയേറ്റത്തെയും, ക്ഷേമസേവനങ്ങളേയും കൂടി ഉൾപ്പെടുത്തുന്നു. ഇതിൽ അടങ്ങിയിരിക്കുന്ന പ്രശ്നം നിർബന്ധിത അംഗുലീ തിരിച്ചറിയൽ ഒരോ പൗരന്റെ മേലും സർക്കാരിന് കൂടുതൽ നിയന്ത്രണങ്ങൾക്കുള്ള ശക്തി നൽകുന്നു എന്നതാണ്. *

# അന്തിമ വാക്ക്



സമർപ്പണമുള്ള ക്രിസ്തുവിശ്വാസിയും കുടുംബ മൂല്യങ്ങളുടെയും ദേശസ്നേഹത്തിന്റെയും പിന്തുണക്കാരനുമായ ചാർലി കിർക്ക്, യുട്ടാ സർവ്വകലാശാലയിൽ സംവാദത്തിൽ ഏർപ്പെടുന്ന സമയത്ത് സെപ്റ്റംബർ 10-ന് കൊല്ലപ്പെട്ടു. കൊലയാളിയായ ടെയ്ലർ റോബിൻസന്, വലതുപക്ഷ ക്രൈസ്തവ വിശ്വാസികൾക്ക് നേരെയുള്ള വെറുപ്പാണ് അതു ചെയ്യാൻ പ്രേരിപ്പിച്ചത്. കിർക്കിനെ കൊല്ലാൻ ഉപയോഗിച്ച വെടിയുണ്ടയുടെ പുറംകവചത്തിൽ 'എടാ ഫാസിസ്റ്റേ' എന്നെഴുതിയിരുന്നു.

അമേരിക്കയിൽ ഇടതും വലതും തമ്മിലുള്ള കടുത്ത വിഭാഗീയതയാണ് ഈ കൊലപാതകം ഉയർത്തിക്കാട്ടുന്നത്. പാശ്ചാത്യ ലോകത്തെല്ലാം ഈ വിഭാഗീയത കാണാൻ കഴിയും. തങ്ങളോട് യോജിക്കാത്തവരെ ഫാസിസ്റ്റുകൾ എന്നും വംശീയവാദികൾ എന്നും അല്ലെങ്കിൽ നാസികൾ എന്നും ഇടതുപക്ഷക്കാർ വിളിക്കുന്നു. എന്നാൽ ചാർലി കിർക്ക് അതൊന്നുമായിരുന്നില്ല. തന്റെ വീക്ഷണം പ്രകടിപ്പിക്കാനാണ് അദ്ദേഹം കലാലയങ്ങൾ സന്ദർശിച്ചത്. ഫാസിസ്റ്റുകൾ അടിച്ചേൽപ്പിക്കുന്നതുപോലെ അല്ലായിരുന്നു അത്. അദ്ദേഹത്തെ കൊന്നയാളും, അദ്ദേഹത്തിന്റെ കൊലപാതകത്തെ പ്രോത്സാഹിപ്പിച്ച വഴിതെറ്റിയ ആളുകളുമാണ് യഥാർത്ഥത്തിൽ ഫാസിസത്തിന്റെ മനോഭാവത്തിൽ പ്രവർത്തിക്കുന്നത്. സമർപ്പിക്കപ്പെട്ട ഒരു ക്രിസ്തു വിശ്വാസി എന്ന നിലയിൽ അദ്ദേഹം അവിടെയൊക്കെ സന്ദർശിച്ച് ധനാത്മകമായ ക്രൈസ്തവ മൂല്യങ്ങൾ സംവാദ മനോഭാവത്തിൽ അവതരിപ്പിക്കുകയായിരുന്നു. ഇന്ന് നമ്മുടെ നിരവധി സർവ്വകലാശാലകളിൽ കാണുന്ന ക്രൈസ്തവ വിരുദ്ധവും ബൈബിൾ വിരുദ്ധവുമായ മൂല്യങ്ങൾക്കെതിരെ അദ്ദേഹം സംവദിക്കുകയാണ് ചെയ്തത്.

അമേരിക്കൻ നേതാക്കൾ ക്രൈസ്തവ വിശ്വാസത്തിനു നൽകിയ അംഗീകാരത്തിന്റെ പ്രതിഫലനമായിരുന്നു അദ്ദേഹത്തിന്റെ ശവസംസ്കാര ചടങ്ങ്. അവർ ബൈബിളിൽ നിന്ന് വായിക്കുകയും, അനുതപിക്കുകയും കർത്താവായ യേശു ക്രിസ്തുവിൽ വിശ്വസിക്കാനും ആഹ്വാനം ചെയ്യുകയും ചെയ്തു. ഏകദേശം 100,000 പേർ ചടങ്ങിൽ സംബന്ധിച്ചു. ഏതാണ്ട് 100 ദശലക്ഷം ആളുകൾ അത് വീക്ഷിച്ചു.

അമേരിക്കൻ പ്രതിരോധ വകുപ്പ് സെക്രട്ടറി, പീറ്റ് ഹഗ്സേത്ത്, കിർക്കിനെ ഒരു ഭർത്താവ് എന്ന നിലയിലും ഒരു പിതാവ് എന്ന നിലയിലും ഒരു രാഷ്ട്രീയ പ്രവർത്തകൻ എന്ന നിലയിലും പ്രശംസിച്ചു. അതിലുപരിയായി, അദ്ദേഹം ഒരു യഥാർത്ഥ വിശ്വാസിയായിരുന്നെന്ന് പീറ്റ് ഹഗ്സേത്ത് പ്രസ്താവിച്ചു. 'ഏറ്റവും പ്രാധാന്യമർഹിക്കുന്നത് അദ്ദേഹം ഒരു യഥാർത്ഥ വിശ്വാസിയായിരുന്നു. യേശുക്രിസ്തു മാത്രമാണ് രാജാവും നമ്മുടെ കർത്താവും രക്ഷകനും. യേശുവിന്റെ രക്തത്താൽ നമ്മുടെ പാപങ്ങൾ കഴുകപ്പെട്ടു. ദൈവത്തെ ഭയപ്പെടുക, മനുഷ്യനെ ഭയപ്പെടാതിരിക്കുക. അതായിരുന്നു ചാർലി കിർക്ക്.' കിർക്ക് തന്റെ രാഷ്ട്രീയ സംവാദങ്ങൾ കോളേജ് ക്യാമ്പസിൽ കൊണ്ടുവന്നത് ഹഗ്സേത്ത് ഓർത്തു. 'എന്നാൽ, അധികം സമയം കഴിയുന്നതിനു മുമ്പ്, നാം എല്ലാവരെയും പോലെ അദ്ദേഹം ഒരു കാര്യം തിരിച്ച

റിഞ്ഞു. ഇതൊരു രാഷ്ട്രീയ യുദ്ധം അല്ല, ഇതൊരു സാംസ്കാരിക യുദ്ധം പോലുമല്ല. ഇതൊരു ആത്മീയ യുദ്ധ മാണ്. വിശ്വാസവും കുടുംബവും ആദ്യം വരണം. ഒരു ദൈവം ഉണ്ട്. ചാർലി സ്വാതന്ത്രത്തോടെ ആരംഭിച്ചു. എന്നാൽ, അമേരിക്കയിൽ ക്രിസ്തു വിനു വേണ്ടിയുള്ള അഗ്നി പടർത്തി ക്കൊണ്ട് അവസാനിച്ചു. “വഴിത്തിരിവ്” (Turning point) എന്ന പേരിൽ അദ്ദേഹം ഒരു ടെലിവിഷൻ പരമ്പര ആരംഭിച്ചി രുന്നു. എന്നാൽ ഈ സമയം അമേരി ക്കയ്ക്ക് വഴിത്തിരിവ് തന്നെ!

പാശ്ചാത്യ ലോകത്തെ വഴിതെറ്റിയ ചെറുപ്പക്കാരോട് സുവിശേഷം അറി യിക്കാനും അവർ രക്ഷിക്കപ്പെടണ മെന്നും ചാർലി ആഗ്രഹിച്ചു. ഈ ചെറു പ്പക്കാർ ദിശാബോധം ഇല്ലാതെ, ജീവിത ലക്ഷ്യമില്ലാതെ, വിശ്വാസമി ല്ലാതെ ജീവിക്കാൻ യാതൊരുവിധ കാരണങ്ങളുമില്ലാതെ വിവിധ കാര്യ ങ്ങളിൽ ഏർപ്പെട്ട് ജീവിതം വ്യർത്ഥമാ ക്കുകയായിരുന്നു. ഈ ചെറുപ്പക്കാ രുടെ ജീവിത ത്തിൽ അതൃപ്തിയും ദേഷ്യവും വെറുപ്പും നിറഞ്ഞിരുന്നു. ‘തന്റെ ഭർത്താവിന്റെ പ്രവർത്തനവും ദൗത്യവും എറിക്ക ഓർത്തു. ‘അദ്ദേഹ ത്തിന്റെ ജീവൻ എടുത്ത ആ ചെറുപ്പ ക്കാരനും, അയാളെപ്പോലുള്ളവരും രക്ഷിക്കപ്പെടണമെന്ന് ചാർളി ആഗ്രഹിച്ചു,’ അവർ കണ്ണീരോടെ പറഞ്ഞു. ‘കുരിശിൽ നമ്മുടെ രക്ഷ കൻ പറഞ്ഞു,’ ‘ഇവർ ചെയ്യുന്നത് എന്തെന്നറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ.’ ആ ചെറുപ്പക്കാരനോട് ഞാൻ ക്ഷമിക്കുന്നു. ‘സ്വർഗ്ഗത്തിലേക്ക് കണ്ണുകൾ ഉയർത്തി എറിക്ക പറഞ്ഞു. സ്റ്റേഡിയം ആരവം കൊണ്ട് നിറഞ്ഞു. ‘പ്രാർത്ഥന തെരഞ്ഞെടുക്കുക, ധൈര്യം തെരഞ്ഞെടുക്കുക, സൗന്ദര്യം തെര ഞ്ഞെടുക്കുക, വിശ്വാസ ജീവിതം തെര ഞ്ഞെടുക്കുക, ഏറ്റവും പ്രധാനമായി യേശുക്രിസ്തുവിനെ തിരഞ്ഞെടു ക്കുക,’ എറിക്ക തന്റെ വാക്കുകൾ അവസാനിപ്പിച്ചു.

യേശുവിനെ നിങ്ങളുടെ രക്ഷകനായി സ്വീകരിക്കാൻ താഴെ കൊടുത്തി രിക്കുന്ന പ്രാർത്ഥന ഏറ്റുചൊല്ലുക:

‘പ്രിയ സ്വർഗ്ഗസ്ഥ പിതാവേ, ഞാനൊ രു പാപി ആണെന്നും എനിക്ക് നിന്റെ ക്ഷമ ആവശ്യമാണെന്നും ഞാൻ അംഗീകരിക്കുന്നു. എന്റെ സ്ഥാനത്ത് യേശുക്രിസ്തു മരിച്ചെന്നും എന്റെ പാപങ്ങൾക്ക് വേണ്ടി അവിടുന്ന് രക്തം ചീന്തിയെന്നും, എനിക്ക് നിത്യജീവൻ നൽകാൻ മരിച്ചവരിൽ നിന്ന് അവിടുന്ന് ഉയിർത്തെഴുന്നേറ്റുവെന്നും ഞാൻ വിശ്വസിക്കുന്നു. എന്റെ പാപങ്ങൾ ഉപേക്ഷിച്ച് കർത്താവായ യേശുക്രിസ് തുവിനെ വ്യക്തിപരമായി രക്ഷകനും കർത്താവുമായി സ്വീകരിക്കാൻ ഞാനി പ്പോൾ തീരുമാനിക്കുന്നു. ഞാനെന്റെ ജീവിതത്തെ അങ്ങയിൽ സമർപ്പി ക്കുന്നു. അവിടുന്ന് ആഗ്രഹിക്കുന്ന പോലെ ഞാൻ ആയിത്തീരുവാൻ എന്നെ സഹായിക്കേണമേ. പിതാവേ എന്നെ സ്നേഹിച്ചതിനു നന്ദി. യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു, ആമേൻ.

കൂടുതൽ വിവരങ്ങൾക്ക്, ‘മശിഹാ യുടെ മടങ്ങിവരവിന്റെ 10 അടയാള ങ്ങൾ’, ‘ദൈവത്തെ വ്യക്തിപരമായി അറിയുക’ തുടങ്ങിയ ലഘു പുസ്തക ങ്ങൾ ആവശ്യപ്പെടുക. നിങ്ങളുടെ കൈവശം ബൈബിൾ ഇല്ലെങ്കിൽ, ആവശ്യപ്പെട്ടാൽ ഞങ്ങൾ അയച്ചുത രുന്നതായിരിക്കും. *



# ഉപസംഹാരം



ഞങ്ങൾ ഈ മാസികയിൽ എഴുതിയിരിക്കുന്ന എല്ലാ കാര്യങ്ങളും യേശു മശിഹായേക്കുറിച്ചുള്ള ബൈബിൾ പ്രവചനങ്ങളുടെ നിവർത്തിയാണ്.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ വരവ് ആസന്നമായിരിക്കയാൽ നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് യേശുവിനെ കർത്താവും രക്ഷകനും ആയി സ്വീകരിക്കുവാനുള്ള തക്ക സമയം ഇപ്പോഴാണ്.

**"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ. 3:16).**


കൂടുതൽ വിവരങ്ങൾക്ക് എഴുതുക:

**പ്രത്യാശാദീപം**

**മേഴ്സിഹോം**

ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല – 690 507

ഫോൺ: 0479–2412459 /9207976381/9447976381

E-mail : hopemsn@hopemsn.org


സ്വകാര്യ വിതരണത്തിന് മാത്രം.